
ഫ്ളാഷ്
2K19
GHSS KODUVALLY

കൊടുവള്ളി ഗവൺമെന്റ് ഹയ്യർസെക്കന്ററി സ്ക്രൂളിലെ

ലിറ്റിൽകൈറ്റ്സ് ക്ളബ്ബ് തയ്യാറാക്കിയ



" ഫ്ളാഷ്–2K19 "ലേക്ക്

സ്വാഗതം




വിവരവിനിമയ സാങ്കേതിക വിദ്യയുടെ പുത്തൻ അറിവുകൾ വിദ്യാർത്ഥി സമൂഹത്തിലേക്ക് എത്തിക്കുക എന്ന ആശയമാണ് ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യം. വിദ്യാലയങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഐ.ടി.ക്ലബ്ബുകളെ പോലെതന്നെ എല്ലാ രംഗങ്ങളിലും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തന മണ്ഡലങ്ങളുണ്ട്. വരും ദശകങ്ങളിൽ വിവരസാങ്കേതിക വിദ്യ വിപ്ലവകരമായ കുതിച്ചുചാട്ടത്തിന് ഒരുങ്ങുകയാണ്. അതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാനും അത് മറ്റുള്ളവരിലേക്ക് പകർന്നു നൽകാനും കൊട്ടുവള്ളി ജി. എച്ച്. എസ്. പ്രസിദ്ധീകരിക്കുന്ന ഈ മാഗസിന് കഴിയുമാറാകട്ടെ..

ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എല്ലാ വിധ ആശംസകളും നേരുന്നു.

10/01/2019

ഹെഡ്മാസ്റ്റർ,
ജി. എച്ച്. എസ്. എസ്
കൊട്ടുവള്ളി.





ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഈ, ഇ-മാഗസിൻ സ്കൂളിനെ സംബന്ധിച്ച് ഒരു നൂതന അനുഭവമാണ്. ഇത് പ്രവർത്തനത്തിലൂടെ കുട്ടികളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ജ്ഞാനവും കഴിവും പുറത്തെടുക്കുന്നതിലുപരി അവരുടെ വിവര സാങ്കേ-തിക വിദ്യയിലൂടെ പാടവം കൂടി പ്രയോജനപ്പെടുത്താൻ കഴിയുന്നു. ഇത്തരം കഴിവുകൾ അവരുടെ ഭാവിജീവിതത്തിലും വളരെ ഉപകാര പ്രദമാണ്. കഥകളും കവിതകളും ലേഖനങ്ങളും വരകളും ചിന്തകളും നിറഞ്ഞ ഈ മാഗസിൻ ഇത് വായിക്കുന്ന എല്ലാവർക്കും ഉപകാരപ്പെടുമെന്ന് ഞാൻ കരുതുന്നു.

എന്റെ ആശംസകൾ

മുഹമ്മദ് കുണ്ടുങ്ങര
പി.ടി.എ പ്രസിഡണ്ട്.



I am happy to know that our school little kites is bringing out an emagazine ~~for~~ in the academic year 2018-19. I also learn that it is the first time our school is publishing such a magazine. I hope it would contain linguistic, artistic and IT talents of our students. I take the previlege to extend my congratulations & wishes to this attempt.


Mahammad. EC
Dy H.M GHSS
Kodenally.



अत्यंत खुशी की बात है कि हमारे विद्यालय के 'लिटिल कैट्स' के छात्रों ने 'ई मैगसिन' तैयार करते हैं। छात्रों को संगणक टंकण रचना, कहानी रचना, कविता रचना आदि कई क्षेत्रों पर अपनी क्षमता दिखाने का मौका मिलेगा इसपर संदेह की कोई गुंजाइश नहीं है। इन नये तरीकों से बच्चों को अपनी विशिष्ट कला की अभिरुची का प्रोत्साहन देना बडी सराहनीयं बात है। यह कार्य बडा ही उपयोगी है। छात्रों के इस महान कार्य से हमारा स्कूल का भी मान बढा है। इस प्रतिष्ठान केलिए प्रयास किए सभी बच्चों को मेरी हार्दिक बधाइयाँ

के. एम. अब्दुल सलाम





Yusuf. ck
H.S.A Hindi

നമ്മുടെ സ്കൂളിലെ 'Little kite' club ലെ
വിദ്യാർഥികൾ 'e- Magazine' തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

ആശംസകളോടെ,

Yusuf. ck



കൊടുവള്ളി
03-01-2019

## ആശംസകൾ

നമ്മുടെ വിദ്യാലയത്തിലെ "ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ഇ- മാഗസിൻ ആരംഭിക്കുന്നുവെന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. എല്ലാ രംഗത്തും ഹൈ-ടെക് ആയി കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഇത്തരം മാഗസിനിലൂടെ നിങ്ങളുടെ കഴിവുകളും അഭിരുചികളും വളരാനുതകുമെന്നതിൽ സംശയമില്ല. ഈ സന്ദർഭത്തിൽ ഈ സംരംഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

എന്ന്
സസ്നേഹം
എൻ.പി. ഹനീഫ മാസ്റ്റർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ആയിഷ ഹന്ന

സബ് എഡിറ്റർമാർ : ഫാമിദ്
സൻജിത്ത് സിനാൻ
ഷഹല ഷെറിൻ

ചിത്രീകരണം : അശ്വിൻ.കെ
അഭിമന്യു
മുഹമ്മദ് ബാസിൽ സമാൻ
പവിത്ര
മുഹമ്മദ് ഷഹബാസ്

അംഗങ്ങൾ : അഭിജിത്ത്
അമാൻ
ജുനൈദ്
മുഹമ്മദ് സിനാൻ
മുഹമ്മദ് ഫായിസ്
മുഹമ്മദ് ഷബീബ്
ഹൈഫ ജഹാൻ
ഖദീജ നജ്‌ലി
ദിയഫാത്തിമ
മായ

## ഉള്ളിൽ

സ്നേഹപൂർവ്വം ലിറ്റിൽകൈറ്റ്സ്....12
നമ്മുടെ സ്കൂൾ-2018-19....13
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ....18
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ-ഫോട്ടോകൾ....21
വിനോദ യാത്ര....23
കാത്തിരിക്കുന്ന....26
കണ്ണുകൾ....26
TEACHER'S DAY....28
അടൽ ടിങ്കറിങ് ലാബ്....31
സുന്ദരനാട്....33
മഴയത്ത്....34
അനുസരണക്കേട് ആപത്ത്....35
ഇരുട്ടിനുമുണ്ട്....36
പ്രകാശം....36
GLOWING SUNSET....39
Your unspoken words....41
അടയാളം....42
അന്ധകാരത്തെ നശിപ്പിക്കുന്നയാൾ....44
ഗുരു....44
അന്വേഷിക്കുക, കണ്ടെത്താം....48
അവൻ വരും വരാതിരിക്കില്ല....58
സമ്പൂർണ്ണ കായിക വിദ്യഭ്യാസം....61
അധ്യാപനം ഒരു മഹത്വപാഠവം....63
എന്തിനീ ക്രൂരത ഭൂമിയോട് ?....65
എല്ലാം തിരിച്ച് വരും....67
നാടൻകലകൾ ഓണപ്പൊട്ടൻ....68
കടങ്കഥകൾക്കു പിന്നിൽ....70
പുലരിയിൽ വിരിയുന്ന....72
സൂര്യോദയം....75
കേരളം....76
കേരളം സുന്ദരം....78
നവീകരണം....80
പരോപകാരം പ്രകൃതിയിലൂടെ....81
പുലരി ഭംഗി....83
MAKER MIND-2K19-PHOTOS....85
പ്രവൃത്തി പരിചയ വിദ്യാഭ്യാസം....87

പ്രളയം.....89

മകനോട്.....90

എന്റെ അമ്മ.....91

മഴതേടി.....93

സൗഹൃദം.....94

"മേക്കർ മൈൻഡ് 2k19".....96

എന്റെ യാത്ര.....99

2018.....109

[عَمَّ ثَنَاء].....110

عَمَّ ثَنَاءهَدْيِ الْقُرْآنِ ضَواحِيَ مَكَّة وَيُعْلَا.....110

Angel.....111

तितली और बेटी.....112

تَبَادَرَ الضَّوْضَاءُ سَمَا سَمَا بَيْنَ الْوَرَى.....115

अध्यापक दिन.....117

हम भूमी सुंदर भूमी.....118

भूमी का डर्सियत.....119

बारिश.....120

बारिश.....121

വേർപാട്.....122

ഗണിതം ചരിത്രത്തിലൂടെ.....123

കൂട്ടുകാർ.....126

خواب کی کالی پرچھائی.....127

മറ്റൊരു മുഖം.....128

മീനുക്കുട്ടിയും അണ്ണാരക്കണ്ണനും.....129

أَحْوَالُ الْعَالَمْ ـ كَتَبَهَا أُسْتَادِي الْمَحْبُوب فِي بَحْرِ الْكامِل ـ الْمَجْزُوء ـ أَوْزَانُهُ.....130

......مَاهِرُ أَنْتَ.....132

ശാസ്ത്രത്തിന്റെ അത്ഭുതങ്ങൾ.....134

അഭിമുഖം.....136

വിദ്യ.....140

രമന്ദമാരുതൻ.....141

ഒറ്റപ്പെട്ടിടുന്ന ഞാൻ.....142

.......കുട്ടികളുടെ വരയിലൂടെ.....143

നന്ദി.....147

# സ്നേഹപൂർവ്വം ലിറ്റിൽകൈറ്റ്സ്

ഞങ്ങളുടെ ടീച്ചേഴ്സ് മലയാളം ടൈപ്പിങ്ങ് പഠിച്ചതിന് ശേഷം ഇ-മാഗസിൻ തയ്യാറാക്ക ണമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ ആദ്യം അതത്ര കാര്യമാക്കി യെടു ത്തില്ല.പിന്നീടാണ് ഇതിന്റെ ബുദ്ധിമുട്ട് മനസ്സിലായത്



.മേളയുടെയും പരീക്ഷയുടെയും തിരക്കുണ്ടായിട്ടും പരമാവധി സമയം ഉപയോഗ പ്പെടുത്തി തയ്യാറാക്കിയതാണ് ഈ മാഗസിൻ. ഇത് നിങ്ങൾക്കെല്ലാർക്കും ഇഷ്ടപ്പെടുമെന്ന് കരുതുന്നു

അംഗങ്ങൾ

കൈറ്റ്മിസ്ട്രസ്-ഫിർദൗസ് ബാനു.കെ,റീഷ.പി

ലീഡർ മുഹമ്മദ് സിനാൻ,ഡപ്യൂട്ടി ലീഡർ ഫെബിന ഷെരീഫ്

മറ്റു അംഗങ്ങൾ: അഭിജിത്ത്, അബു ഹിർവാൻ,ആദം ഇബ്രാഹിം, ആദികിരൺ, ആദിൽ റഹ്മാൻ,അഹമ്മദ് നഫൈൽ,ആൽവിൻ ബാബു, അമാൻ, ഫാമിദ്, ഹംസ സിയാദ്,ജുനൈദ്, മാനസ്, മുഹമ്മദ് ബാസിൽ സമാൻ,മുഹമ്മദ് ഫായിസ്,മുഹമ്മദ് റമിൽ,മുഹമ്മദ് സനാഹ്, മുഹമ്മദ് ഷബീബ്,മുഹമ്മദ് ഷഹബാസ്, മുഹമ്മദ് ഷാൻ,മുഹമ്മദ് സിനാൻ, മുഹമ്മദ് ഉവൈസ്, സൻജിത്ത് സിനാൻ, സിക്കന്തർ അലി, ഉമറുൽ ഫറൂഖ്, ആയിഷ ഹന്ന, ദിയ ഫാത്തിമ, ഫെബിന ഷരീഫ്, ഫാത്തിമ ഫിദ, ഫാത്തിമ ഫിദ ഷെറിൻ, ഫാത്തിമ ഹിബ, ഫാത്തിമ ലുബി, ഹൈഫ ജഹാൻ, ഹിബ മറിയം, ഖദീജ നജ്‌ലി, മായ, റിയാ ഹനം, ഷഹല ഷെറിൻ, ഷിഖ, വർഷ.

# നമ്മുടെ സ്ക്കൂൾ-2018-19

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് കൈറ്റിന്റെ നേതൃത്വത്തിൽ ഹൈസ്കൂൾ വിദ്യാലയങ്ങളും ഹൈടെക്ക് ആക്കിയപ്പോൾ ഞങ്ങളുടെ എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആയിമാറി. ക്ലാസ് മുറികളും ചുറ്റുപാടും നവീകരിക്കാൻ PTA യും പൂർവ്വവിദ്യാർത്ഥികളും, മുൻസിപ്പാലിറ്റിയും കൊടുവള്ളി NRI യുടെ ഐപ്പാസ് ഗ്രൂപ്പും അധ്യാപകരും ഒത്തൊരുമിച്ച് പ്രവർത്തിച്ചു.



അതിനാൽ ഈ വർഷം സ്കൂൾ ഭൗതിക സാഹചര്യം വളരെയധികം മെച്ചപ്പെടുത്താൻ പറ്റി. സ്കൂളിൽ കെട്ടുറപ്പുള്ള കൺമതിൽ, ഗേറ്റ്,മുറ്റംഇന്റർലോക്കിങ്ങ് ,കുടിവെള്ളപദ്ധതി, cctv സൗകര്യം,ബാൻഡ് മേളം എന്നിങ്ങനെ ഒട്ടേറെ പുതിയ പദ്ധതികൾ സാക്ഷാത്കരിക്കപ്പെട്ടു.കേന്ദ്ര ഗവൺ മെന്റിന്റെ ധന സഹായത്തോടെ താമരശ്ശേരി വിദ്യഭ്യാസ ജില്ലയിൽ തന്നെ ആദ്യത്തെ Atal Tinkering Lab സ്കൂളിൽ പ്രവൃത്തനമാരംഭിച്ചു.

## അക്കാദമിക പ്രവർത്തനങ്ങൾ

വിദ്യാർത്ഥികളിൽ pre-test നടത്തി അവരുടെ പഠന നിലവാരം വിലയിരുത്തി നിലവാരം മെച്ചപ്പെടുത്താനുള്ള പല പ്രവർത്തനങ്ങളും ജൂണിൽ തന്നെ ആരംഭിച്ചു .വിജയോൽസവത്തിന്റെ ആഭിമുഖ്യത്തിൽ പഠന താൽപര്യംകൂട്ടാൻ എല്ലാ വിദ്യാർത്ഥികൾക്കും വിദഗ്ധരുടെ മോട്ടിവേഷൻ,കൂടാതെ എല്ലാ രക്ഷിതാക്കൾക്കും



ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു, പിയർ ഗ്രൂപ്പ് ലേണിങ്ങ്,ഹെൽപ്പ് ഡെസ്ക്ക്, ഈവനിങ്ങ് ക്ലാസുകൾ തുടങ്ങിയ വിവിധ പരിപാടികൾ നടപ്പിലാക്കി, പഠന പിന്നോക്കക്കാർക്ക്, മലയാളത്തിളക്കം,ശ്രദ്ധ, പ്രതീക്ഷ നടന്നുകൊണ്ടിരിക്കുന്നു.

## പാഠ്യേതരപ്രവർത്തനങ്ങൾ

പാഠ്യേതരപ്രവർത്തനങ്ങൾക്ക് മികച്ച പ്രകടനം കാഴ്ച വെച്ച ഒരു വർഷമാണ്2018-19.സബ്ജില്ലാതലസ്പോർട്ട്സിൽ,ഗെയിംസിലും ,അക്വാട്ടിക്സിലും നമുക്ക് ഓവറോൾ സെകൻറ് നേടാൻ കഴിഞ്ഞു.ശാസ്ത്രമേളയിലും സയൻസ് മേളയിലും ഐ.ടി മേളയിലും ഓവറോൾ സെക്കന്റും വർക്ക് എക്സ്പീരിയൻ സിലും ഓവറോൾ തേഡും കരസ്ഥമാക്കി. കലാമേളയിൽ തേഡ് ഓവറോൾ നമ്മുക്ക് ലഭിച്ചു. ലിറ്റിൽ കൈറ്റ് ക്ലബിന്റെ ജില്ലാ തല പ്രവർത്തനത്തിൽ പങ്കെടുക്കാൻ



സൻജിത്ത്സിനാൻ, മുഹമ്മദ്സിനാൻ എന്നീ വിദ്യാർത്ഥികൾക്ക്

അവസരം ലഭിച്ചു.സംസ്ഥാനതലത്തിൽ വർക്ക് എക്സ്പീരിയൻസിൽ മാജിത, ഫർസാന എന്ന വിദ്യാർത്ഥികൾക്ക് A ഗ്രൈഡ് ലഭിച്ചു. വെയിറ്റ് ലിഫ്റ്റിങ്ങിന്,സൈഫി സിദാൻ,സെയ്യിദ് മുഹമ്മദ് ഫായിസ് തങ്ങൾ,എന്നിവർ പങ്കെടുത്ത് ഗ്രൈസ് മാർക്ക് നേടി.talent hunt ജില്ലാതല ക്യാമ്പിൽ അമാൻ വിപി,ഫാമിദ്കെ,ദിയഫാത്തിമ, എന്നീ വിദ്യാത്ഥികൾ പങ്കെടുത്തു.NIT യിൽ വെച്ച് നടന്ന IAS കോച്ചിങ്ങിൽ രണ്ട് വിദ്യാർത്ഥികൾ പങ്കെടുത്തു.

വിവിധ വിഷയങ്ങളുടെ ക്ലബുകൾ പരിസ്ഥിതി ക്ലബ്, എനർജി ക്ലബ്, ഹെൽത്ത് ക്ലബ്, ലിറ്റിൽ കൈറ്റ്സ് ക്ലബ്, ജാഗ്രത സമിതി, റോഡ് സുരക്ഷ ക്ലബ് തുടങ്ങിയവ തനതു പ്രവർത്തങ്ങൾ നടത്തുന്നു. ഹെൽത്ത് ക്ലബിന്റെ എല്ലാവർക്കും ആരോഗ്യ പദ്ധതി, പരിസ്ഥിതി ക്ലബിന്റെ വീണ്ടെടുക്കാം മട്ടുപ്പാവ് കൃഷി, എനർജി ക്ലബിന്റെ വൈദ്യുതി,



ജലവിനിയോഗവുമായി ബന്ധപ്പെട്ട ഓർമ്മപ്പെടുത്തൽ, ജാഗ്രത സമിതിയുടെ ഇടപ്പെടലുകൾ, റോഡ് സുരക്ഷ ക്ലബിന്റെ യാത്ര നിർദേശങ്ങൾ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ അമ്മമാർക്കുള്ള കമ്പ്യൂട്ടർ സാക്ഷരതക്ലാസ്, kdy സ്കൂൾ റേഡിയോ മാംഗോ, വിദ്യാരംഗം കലാസാഹിത്യ വേദിയുടെ മലയാളപ്പിറവി ആഘോഷം,ഇംഗ്ലീഷ് ക്ലബിന്റെ ഹലോ ഇംഗ്ലീഷ് പരിപ്പടി തുടങ്ങിയവ ഇതിൽ പ്രധാന പ്പെട്ടതായിരുന്നു. അടൽ ടിങ്കറിങ് ലാബിന്റെ

**നേതൃത്വത്തിൽ സ്കൂളിന് ചുറ്റുമുള്ള 32 സ്കൂളിലെ വിദ്യാർത്ഥികൾക്ക് രണ്ട് ദിവസത്തെ ROBOTICS, ELECTONICS ക്യാമ്പും മത്സരവും ജനുവരി മാസത്തിൽ സംഘടിപ്പിക്കുന്നു. ഇങ്ങനെ വിവിധ ശ്രദ്ധേയമായ അക്കാദമിക പദ്ധതികളിലൂടെ മുന്നേറ്റത്തിന്റെ പാതയിലാണ് കൊടുവള്ളി ഗവ. ഹയർ സെക്കന്ററി സ്കൂൾ.**

## സ്കൂൾ-2018-19 പ്രവർത്തനങ്ങൾ















LIGHTNING CLUB


Commissionerate of Food Safety, Kerala











VISITORS LOUNGE



# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ

സാങ്കേതിക വിദ്യയോടുള്ള പുതുതല മുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തു ന്നതിനുംവേണ്ടിയാണ് ' ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്.

ഓരോ കുട്ടിയ്ക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിന് അവസരമൊരുക്കുന്നതിനായി വിവിധ മേഖലയിലെ പ്രായോഗിക പരിശീലനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൈബൽ ആപ് നിർമാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം കമ്പ്യൂട്ടറിങ്ങ്, ഡെസ്ക്ക് ടോപ്പ് പബ്ളിഷിങ്, ഇൻറ്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളിലാണ് പരിശീലനം നടക്കുന്നത്.





2018 ജനുവരിയിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ 34 കുട്ടികളെ ഉൾപ്പെടുത്തി കൊടുവള്ളി ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് ആരംഭിച്ചു.തുടർന്ന് ജൂൺ മാസത്തിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ ആറ് കുട്ടികളെ കൂടി ക്ലബിൽ ഉൾപ്പെടുത്തി. തിരഞ്ഞെടുത്ത കുട്ടികൾക്ക് ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ പ്രാധാന്യത്തെ കുറിച്ച് വിവരിക്കുന്നതിനായി കൊടുവള്ളി സബ്ജില്ലാ മാസ്റ്റർ ട്രെയിനറായ ബിജു സാറിന്റെ നേതൃത്വത്തിൽ

ഒരു ദിവസത്തെ പ്രിലിമിനറി ക്യാമ്പ് നടത്തി. തുടർന്ന് എല്ലാ ബുധനാഴ്ച്ചകളിലും മുട്ടിൻ ക്ലാസ് ആരംഭിച്ചു. പിന്നീട് വിഡീയോ എഡിറ്റിങ്ങിനെക്കുറിച്ചുള്ള ഒരു ദിവസത്തെ ക്യാമ്പ് അബ്ദുൽ സലാം സാറിന്റെ നേതൃത്വത്തിൽ ഇവിടെ വെച്ച് നടന്നു.

ലിറ്റിൽ കൈറ്റ്സിന്റെ ഒരു ബോർഡ് ഉണ്ടാക്കി. സ്കൂൾ ഗേറ്റിനടുത്ത് സ്ഥാപിച്ചു. കുട്ടികൾക്കുള്ള ഐഡന്റിറ്റി കാർഡ് തയ്യാറാക്കി അംഗങ്ങൾക്ക് വിതരണം ചെയ്തു.

ഹൈടെക് ഓഡിറ്റിങ്ങിനുവേണ്ടി സ്കൂളിൽ എത്തിചേർന്ന മാസ്റ്റർ ട്രെയിനർമാരായ പോൾ സാറും, നൗഫൽ സാറും ചേർന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഒരു ബോധവൽക്കരണ ക്ലാസ് നൽകി.

ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ ഐ.ടി മേള നടത്തി. തുടർന്ന് നടന്ന സബ്ജില്ല ജില്ലാതല ഐ.ടി മേളകളിൽ സ്കൂളിനെ പ്രതിനിധികരിച്ച് പങ്കെടുക്കാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിച്ചു. സബ്ജില്ല, ജില്ലാതല ശാസ്ത്രമേളകളിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ സൻജിത്ത് സിനാൻ, ദിയ ഫാത്തിമ എന്നിവർ




ജില്ലാ പഞ്ചായത്തും, ഡയറ്റും സംയുക്തമായി നടത്തുന്ന വിജയോത്സവ സിവിൽ സർവീസ് ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുന്നു. ഡിസ്ടിക്ട് ടാലന്റ് ഹണ്ട് പ്രോഗ്രാമിൽ വിജയിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ദിയ ഫാത്തിമ , അമാൻ, ഫാമിദ് എന്നിവർ മൂന്നു ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുത്തു.

ഇവിടെയുള്ള റോബോട്ടിസ് ഇലക്ട്രോണിക്സ് ലാബ് ആയ അടൽ ടിങ്കറിങ് ലാബിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രകടനം മികച്ചതാണ്.

ഇവിടെ വെച്ച് നടന്ന അനിമേഷൻ പ്രോഗ്രാമിങ്ങ് എന്നിവയുടെ രണ്ട് ദിവസത്തെ സബ്ജില്ലാക്യാമ്പിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നാല് പേർ വീതം പങ്കെടുത്തു. താമരശ്ശേരി ഹൈസ്കൂളിൽ വെച്ച് നടന്ന ക്യാമറ ട്രെയിനിങ്ങിൽ തിരഞ്ഞെടുത്ത നാല് അംഗങ്ങൾ പങ്കെടുത്തു.

ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ അമ്മമാർക്ക് ഒരു ദിവസത്തെ കമ്പ്യൂട്ടർ സാക്ഷരത ക്ലാസ് നടത്തി. എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും വളരെ ഉത്സാഹത്തോടെ അമ്മമാർക്ക് പിന്തുണ നൽകി.

പുതുവത്സര ദിനത്തിൽ കൈറ്റ്സ് അംഗങ്ങൾ ആശംസ കാർഡ് നൽകി ഓരോ അധ്യാപകർക്കും പുതുവത്സര ആശംസകൾ നേർന്നു. തദവസരത്തിൽ തന്നെ കുട്ടകാർക്ക് പുതുവത്സര സമ്മാനമായി kdy school radio mango അവതരിപ്പിച്ചു. ഒരാഴ്ച്ച കൈറ്റ്സ്യ അംഗങ്ങളുടെ പരിപാടികൾ തന്നെ നടത്തി. തുടർന്ന് അവരുടെ നേതൃത്വത്തിൽ മറ്റ് ക്ലാസുകൾക്കായി അവസരം നൽകി വരുന്നു.

ക്യാമറ പരിശീലനം ലഭിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ താൽപര്യമുള്ള മറ്റ് കുട്ടികൾക്കും അധ്യാപകർക്കും പരിശീലനം നൽകി. അംഗങ്ങളുടെ പൂർണ പിന്തുണയോടുകൂടി ഇ മാഗസിന് പ്രവർത്തനങ്ങൾ പൂർണമായി വരുന്നു.

സ്കൂൾ പി.ടി.എ, മറ്റ് മറ്റു സഹ അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ പൂർണ പിന്തുണയോടു കൂടിയാണ് ലിററിൽ കൈറ്റ്സ് ക്ലബ് പ്രവർത്തനങ്ങൾ നടക്കുന്നത്. തുടർന്നും ഇതേ രീതിയിൽ മുന്നോട്ട് പോവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ-ഫോട്ടോകൾ



























# വിനോദ യാത്ര

പ്രകൃതിയോട് ഇടപഴകുന്നത്ര ശുദ്ധമായതും കേരളത്തിൻറെ നിയന്ത്രണങ്ങൾ അഴിച്ചുവിടുന്ന സഭയിലേക്കുള്ള ഒഭിമാനവും ,പ്രൗഢിയും നിറഞ്ഞതും വിശ്വാസ സ്ഥാനം ഉള്ളതുമായിരുന്നു ആ യാത്ര
രണ്ടു ബസ്സുകളിൽ ആയിട്ടായിരുന്നു ഞങ്ങൾ യാത്രതിരിച്ചത് ഇവിടെ കൂട്ടുകാരോ, അദ്ധ്യാപകരോ എന്നില്ല എല്ലാവരും ഉറ്റ



സുഹൃത്തുക്കളായിരുന്നു ആ യാത്രയിൽ. എല്ലാവരോടും നന്നായി കൂട്ടുകൂടി. അന്നേരത്തെ ക്ഷീണവും വിശപ്പും ദാഹവും അടക്കാൻ കൂട്ടുകാരിൽനിന്നും പങ്ക് വെക്കുന്ന ലഘുഭക്ഷണങ്ങളും, വെള്ളവുമെല്ലാം സഹായിച്ചു.
ഇഷ്ടം തോന്നിക്കുന്നതും കളകളനാദം പുറപ്പെടുവിക്കുന്നതുമായ പല മൃഗങ്ങളും പക്ഷികളും അടങ്ങിയതും സൗമ്യമായ മുഖത്തിൽ നീരാടുന്ന ഉശിരോടെ യുള്ള സാക്ഷാൽ പാമ്പുകളുടെയും മീനുകളുടെ യും സാന്നിദ്ധ്യം തുളുമ്പുന്ന തിരുവനന്തപുരം

മൃഗശാലയിൽ ആയിരുന്നു ആദ്യം. തീർത്തും സൃഷ്ടിക്കപ്പെടുന്ന വനാന്തരീക്ഷവും, ശുദ്ധ വായുവും മനസ്സിൻെറ സന്തോഷത്തിൻെറയും, മനസ്സമാധാനത്തിൻെറയും പരമോന്നതയിൽ എത്തിക്കും. ഹർത്താൽ ആയതിനാൽ ഐ. എസ് .ആർ. ഓ കാണാൻ കഴിഞ്ഞില്ല. പിന്നീട് ചെന്നത് കേരള നിയമസഭയിൽ. ഇപ്പോഴും അതോർക്കുമ്പോൾ കുളിര് കോരുന്നു. അത് ആനന്ദത്തിന്റെതല്ല ! വിസ്തൃതമായ സഭയിൽ, കൊത്തുപണികളാൽ അലംകൃതമായ തടിക്കഷണങ്ങളും, ചുണ്ട് അടക്കിപിടിച്ച് സ്വീകരിച്ച പതിഞ്ഞ മൗനവും അതിൻെറ കൊട്ടാര മുഖത്തിന് മാറ്റുരയ്ക്കുമ്പോൾ, ഏതൊരു കേരളീയനും തോന്നുന്ന, ഈ മഹാ മന്ദിരം തന്റെ നാടിന്റെ സ്വന്തമാണല്ലോ എന്ന ചിന്തയിൽ നിന്നുള്ളതാണ് എന്നാൽ ശ്രീ പത്മനാഭസ്വാമിയുടെ അങ്കണത്തിൽ വരെ പോയി വിഗ്രഹം കാണാൻ കഴിയാതെ പോയതിൽ മനംനൊന്തു. ശേഷം സന്ധ്യയുടെ ചുവന്ന ആകാശത്തിനു കണ്ണാടിയായി, ചുമന്ന്, വിശാലമായി തന്റെ തിരകൾ നീട്ടി അടിക്കുന്ന കോവളം ബീച്ചിലെ സുന്ദരിയെ കണ്ടപ്പോൾ മനസ്സ് നല്ല ആനന്ദത്തിൽ ആയി. വൈകുന്നേരം ചായക്കാരനിൽ നിന്ന് സുഹൃത്ത് വാങ്ങിത്തന്ന കോഫിയും ആനന്ദത്തിന് മധുരം കൂട്ടുന്നതാണ്. പിന്നീട് അടുത്തദിവസം കന്യാകുമാരിയിൽ ആദ്യം കണ്ടത് സൂര്യോദയം ആയിരുന്നു .ദൂരെ വിവേകാനന്ദപ്പാറയിലെ ക്ഷേത്രത്തിനു പിന്നിൽ നിന്ന് ഒരു അഗ്നി ജ്വാലയുടെ ഗോളമായി ഉയർന്നസൂര്യഭഗവാനെ ഒരു വിധം എല്ലാ ജനങ്ങളും കൈകൂപ്പി സ്വാഗതം ചെയ്തു. ത്രിവേണി ടൂറിസ്റ്റ് ഹോമിൽ കുളിയും,

ഭക്ഷണവും കഴിഞ്ഞ്, വീണ്ടും കന്യാകുമാരിയിലെ കടലിൻ അടുത്ത്. ഒരു തെരുവിലെ തിരക്കും, സൂര്യൻറെ ചൂടും, വരിയിൽ ചുട്ടുപൊള്ളി നിൽക്കാൻ മാത്രം സഹായിച്ചു. അങ്ങനെ പതിയെ പതിയെ നീങ്ങി വിവേകാനന്ദ പാറയിലേക്കുള്ള ബോട്ട് കയറി . ഒരു കടൽയാത്ര. ഇന്ന് വെള്ള മേഘങ്ങളുടെ കണ്ണാടിയായി ആ കടൽ നീണ്ടു വിശാലമായ് അലയടിക്കുന്നുണ്ടായിരുന്നു. കടലിൻറെ സൗന്ദര്യം എനിക്ക് വളരെ ഇഷ്ടമാണ്. ദേവാനന്ദ് പാറയിൽ എത്തി, ആഹാ...! എത്ര വിശാലമാണീ കടലമ്മ .വിസ്തൃതമായ ഏതോ ശീല വിരിച്ച പോലെ, ഓരോ നീലനിറത്തിൽ, അതിന്റെ അക്ഷരം വെച്ച് പാറകളെ അടിച്ചുകൊണ്ട്! സൗന്ദര്യവും, കുളിർകാറ്റും തന്നെ കടലിനെ മറക്കാൻ പറ്റാത്തതാണ്. പ്രകൃതിയുടെ സാന്നിധ്യം തന്നെ ! മനസ്സിനെ വിശാലതയുടെ പരമോന്നതിയിൽ എത്തിക്കുന്നു, കൂടെ സമത്വത്തി ൻെറ വക്താവും പോരാളിയുമായിരുന്ന സ്വാമി വിവേകാനന്ദന്റെ ക്ഷേത്രം. ബോട്ടിൽ പിന്നീട് തിരിച്ചു. എന്തൊക്കെയോ വാങ്ങിക്കൂട്ടാനും അവിടുന്ന കഴിഞ്ഞു. നാട്ടിലേക്ക് തിരിക്കാൻ തുടങ്ങി. ഇടക്ക് തിരുവനന്തപുരത്തെ മുസ്ലിം ജനതയുടെ വിശ്വാസ കേന്ദ്രമായ ബീമാപ്പള്ളിയിൽ ,അവിടെയും ഒന്ന് ചുറ്റികറങ്ങി . ഭക്ഷണം കഴിച്ച് നാട്ടിലേക്ക് തിരിച്ചു. ഇന്ന് രാവിലെ 8.15 ഓടു കൂടി നാട്ടിലെത്തി.

അശ്വിൻ പികെ

# കാത്തിരിക്കുന്ന

## കണ്ണുകൾ...


സുഹറാ..... ജ്ജി എവിടെ? സ്കൂളിൽ പോവാൻ സമയമായി. ജ്ജി എവിടെ പോയിരിക്ക്യാ.ദാ ഉമ്മ ഞാൻ വന്നു. ഞാൻ പോട്ടെ.സൂക്ഷിച്ച് പോണം എന്ന ഉമ്മയുടെ വാക്കുകൾ അവൾ പതിയെ കേട്ടു.സുഹറ സ്കൂളിലെത്തി.വൈകുന്നേരം നല്ല ചായയുണ്ടാക്കി കാത്തിരിക്കുകയാണ്
സുഹറയുടെ ഉമ്മ.സ്കൂൾ വിടുന്ന നേരം കഴിഞ്ഞു.തന്റെ മകളെ കാണുന്നില്ല.പ്രതീക്ഷയോടെ ഉമ്മ കാത്തിരിക്കുകയാണ്.അപ്പോഴാണ് വലിയൊരു ശബ്ദം വരുന്നത്.ആരാ എന്താ എന്ന് ചോദിക്കാനായി പുറത്ത് ഇറങ്ങിയപ്പോൾ വലിയൊരു കട്ടിയുള്ള സാദനം തന്റെ ദേഹത്തേക്ക് വീഴുന്നതാണ് ഓർമ്മ ആവുന്നത്.നാടാകെ വലിയൊരു ദുരന്തമാണ്.കണ്ണ് തുറന്നപ്പോൾ താൻ ഒരാശുപത്രിക്കിടക്കയിലാണ്.ന്റെ മോള് എവിടെ.തന്റെ അടുത്ത് നില്ക്കുന്നവരോട് ആദ്യം അന്വേശിച്ചതിതായിരുന്നു.സ്കൂൾ കഴിഞ്ഞുള്ള ഒരു പാലത്തിലൂടെയാണ് അവൾ വീട്ടിലേക്ക് വരുന്നത്.പോലീസുകാരൻ ആശുപത്രിയിലുണ്ട്.ആ പോലീസുകാരനോടു ചോദിച്ചു.ന്റെ മോള് സുഹറ അവളെ എവിടെയെൻകിലും കണ്ടിരുന്നോ.അടുത്തുള്ള ജമീലത്താത്ത ഇങ്ങനെ പറയുന്നു.നമ്മുടെ വീടും എല്ലാം നഷ്ടപ്പെട്ടു

പോയിരിക്കുന്നു.ഇനി നമ്മൾ ക്യാമ്പിലേക്കാണ് പോവുന്നത് എന്ന്.അപ്പോഴും ചോദിക്കുന്നത് ഒരു വാക്ക് മാത്രമാണ് ന്റെ മോളെവിടെ.ജമീലത്താത്ത ആശ്വസിപ്പിക്കാനായി ഇങ്ങനെ പറയുന്നു.വരുന്ന വഴിയിൽ എവിടെയെൻകിലും ബോദം കെട്ട് കിടക്കുന്നുണ്ടാകുമെന്ന്.പോലീസുകാരൻ സുഹറയുടെ ബാഗ് സുഹറയുടെ ഉമ്മയുടെഅടുത്ത് കൊണ്ടുകൊടുക്കുകയാണ്.ചെളി കെട്ടിക്കിടക്കുന്നതിനാൽ ബാഗിന്റെ അളറ തുറക്കാൻ പ്രയാസമായിരുന്നു.അതിൽ ചോറുപാത്രവും ഉണ്ടായിരുന്നു.സുഹറയ്ക്ക് പരീക്ഷയിൽ ഉന്നതവിജയം നേടിയ പേപ്പറും അതിലുണ്ടായിരുന്നു.

അതെല്ലാം കണ്ടപ്പോൾ തനിക്ക് സങ്കടം സഹിക്കാൻ ആവാത്തതായിരുന്നു.തന്റെ മകൾ എവിടെയെന്ന് പോലീസുകാരനോട് പിന്നെയും ചോദിച്ചു.അപ്പോൾ ആ പോലീസുകാരൻ പറഞ്ഞു.എനിക്ക് എങ്ങനെ അറിയാനാ.അപ്പോൾ തന്റെ കണ്ണിലേക്ക് ഉറ്റുനോക്കുന്ന ആ സ്ത്രീയെ പോലീസുകാരൻ കണ്ടു.എന്തോ എങ്ങനയോ ആ പോലീസുകാരന്റെ കണ്ണിൽ നിന്നു കണ്ണ്നീർ പൊടിഞ്ഞു.തന്റെ മകൾ തിരിച്ച് വരും എന്ന പ്രതീക്ഷയോടെ ആ സ്ത്രീ സുഹറയെ കാത്തിരിക്കുകയാണ്.കാത്തിരിക്കുന്ന കണ്ണുകളെ നനയ്ക്കല്ലെ നാഥാ എന്നപ്രാർത്ഥനയോടെ സുഹറയെ കാത്തിരിക്കുകയാണ്.

# TEACHER'S DAY

Teacher,s are symbol of knowledge which we student achieve in our life .Teacher have an important role in every generation of students . They reborn a new life for every single students over the world. We all students must be proud  to have such ordinary teacher's in our life .Teacher's sets a goal or a dream in every single students life. After all teacher's are part of our life because at our life time we see our teachers than our own mother that's why we spent more time at school than our own home .so that why our second mother mother is teacher and our second home is school.



Indians celebrate teacher's day on September 5 in behalf of
Dr.S Radhakrishnan's birth day .He was the Indian first vice president and second president of India .He was also famous in many different fields in his carrier but he was also a teacher which was his favourite job because the teacher is a position like god when some of the children came and told to celebrate his birth day he was not interested in those like activities but on behalf of that they celebrated as teachers day . All Indians celebrate on September 5 children wishes teachers with fully happy  mind  . This situation is the most important occasion which we remember  the importance of teachers. The teachers have an important role in the history of the world most famous people are not generated they are regulated by teachers. Engineers , doctor's all the professions are delivered from

teachers because they are the hight which spread knowledge to the entire world .The teachers have some different kind of power to make every kind of students in the right way and every students must be proud to have such amazing and awesome teachers in every single students life

We thanks to teacher for giving education and make it a good life way for students .Teacher is mother to me and all students .Teacher is helping to study and carying and first teacher is our mother and teacher . Teacher take more effort so we respect our teacher and keep calm and aware of all teacher .Teacher is similar to god we prayer to god all day and we respect our when we are doctor or teacher etc. Sree .narayana guru said that madha ,pidha ,guru ,dhaivam and we educated when we go any where we see a teacher who give education we do not forget it when a student successful they will be one hand of teacher

Now a day more facility of study like internet ,media,newspaper etc but do not get love of teacher .the teacher love is forud to study today children do not respect teacher and do not know the value of teacher the teacher is reflection of light spread to every each one of student parent and teacher are make a good human the presence of teacher make our good way to live the teacher help to fly like a bird.

So all the students respect our teacher we know about the value of teacher We thanks to God for giving a good teacher. I love my teacher .
I wish to my teacher a Happy teachers day.

DIYA FATHIMA
9C

# അടൽ ടിങ്കറിങ്ങ് ലാബ്

ഇലക്ട്രോണിക്സ്,റോബോട്ടിക്സ്,ത്രീ ഡി പ്രിന്റർ തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സഹായത്താൽ സ്ക്കൂളുകളിൽ സ്ഥാപിക്കുന്ന ലാബാണ് അടൽടിക്ക്കറിങ്ങ് ലാബ് താമരശ്ശേരി വിദ്ധ്യഭ്യസജ്ജില്ലയിൽ ആദ്യത്തെ അടൽടിങ്കറിങ്ങ് ലാബ് നിർമിച്ചത് നമ്മുടെ സ്ക്കൂളിലാണ് . പരിശീലനത്തിന് പുറമെ കുട്ടികളിൽ ഒളിഞ്ഞുനിൽക്കുന്ന കഴിവുകൾ കണ്ടറിഞ്ഞ് ഇന്നവേറ്റീവായി സമൂഹത്തിന് ഉതകുന്ന രീതിയിൽ നൂതന ആശയങ്ങൾ കൊണ്ടുവരുകയും അത് പ്രാവരത്തികമാക്കുകയുമാണ് ഇവിടെ ചെയ്യുന്നത്. ആധുനികടെക്നോളജികാലഘട്ടത്തിൽ സിലബസ് പഠനത്തിനു പുറമെ ഈപഠനം കുട്ടികൾക്ക് വളരെ ആനന്തകരവും ആശ്ചര്യകരവുമാണ് .ചുരുക്കത്തിൽ പറഞ്ഞാൽ സ്ക്കൂളിൽ തന്നെ കുട്ടിശാസ്ത്രജ്ഞന്മാരെയും എഞ്ചിനിയർമാരെയും സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

അഭിജിത്ത് 9B

# തുടക്കം











# സുന്ദരനാട്



എത്രമനോഹരമാണ് നാട്

എന്ത് സുന്ദരമാണെന്റെ നാട്

കളകളാരവം ഒഴുകുന്ന നദികളും

പച്ചപ്പ് നിറഞ്ഞ പാടങ്ങളും

എല്ലാവരും ഐക്യത്തിൽ കഴിയുന്ന


പക്ഷികളുടെ ശബ്ദം മുഴങ്ങുന്നനാട്

എത്ര സുന്ദരമാണെന്റെ നാട്

മിൻസ സൈനബ 8c

# മഴയത്ത്

ആകാശം മുഖം കറുപ്പിച്ച്
കിളികൾ കൂടിനകത്തൊതുങ്ങി
എൻ താമരപ്പൂ മുഖത്ത്
ഒരു കുഞ്ഞുനക്ഷത്രത്തുള്ളിവന്നു
തഴുകി



നൂലുപോലെ
പെയ്തിറങ്ങിയവൾ
എന്നുള്ളിൽ പ്രണയത്തിൽ
മൊട്ട് വിരിയിച്ചു
കണ്ണൊന്നു ചിമ്മാൻ തോന്നാതെ
അവളുടെനൃത്തത്തിൽ ഞാൻ
അലിഞ്ഞുചേർന്നു

ദിനമേറെ
കഴിഞ്ഞതറിഞ്ഞില്ലഞാൻ
ഒരു ഗോരശബ്ദത്തിൽ ഞാൻ ഞെ-
ട്ടിയുണർന്നു
ആർപ്പും വിളിയും കരച്ചിലുമായി
എൻ റാണിയാം അവൾ
ഒരു യക്ഷിയെപ്പോലെ
ആടുന്നു, എൻ ഉള്ളുനീറുന്നു

# അനുസരണക്കേട് ആപത്ത്

ഒരിടത്തൊരു കുഞ്ഞൻ എന്ന് പേരുള്ള ഒരുകുട്ടിയിണ്ടായിരുന്നു. മഹാവികൃതിക്കാരനും വാശിക്കാരനുമായിരുന്നു കുഞ്ഞൻ.ഒരു ദി വസം അവൻ അവന്റെ അമ്മയോട് പറഞ്ഞു" അമ്മേ... എനിക്ക് അക്കരെ കാട്ടിലേക്ക് പോകണം.”

അമ്മ:കുഞ്ഞാനീ ചെറുതല്ലേ ഇത്തിരികൂടി വലുതാട്ടെ എന്നിട്ട് നിനക്ക് പോകാം.”

കുഞ്ഞൻ: എനിക്ക് പോവണം കിട്ടുവും ചക്കരയും ഉണ്ട്. ഞാൻ പോകട്ടെ അമ്മയോട് വയക്കിട്ട് കുഞ്ഞൻ തന്റെ കൂട്ടുകാരോടൊപ്പം കാട്ടിലേക്ക് പോയയി. പാവം കുഞ്ഞൻ അവൻ അവരുടെ കുഞ്ഞൻ അവൻ അവരുടെകൂട്ടത്തിൽ നിന്ന് അറിയാതെ വയിതെറ്റിപ്പോയി.അവൻ അങ്ങനെ ചെന്നെത്തിയത് വലിയൊരു ആൽ മരത്തിൻ ചുവട്ടിലാണ്.നേരം വൈകിയിരുന്നു. അവന് വല്ലാത്ത ഭയം തോന്നി.അമ്മ പറഞ്ഞത് കേട്ടിരുന്നുവെങ്കിൽ ഇങ്ങനെ വരില്ലായിരുന്നു. അവൻ ചിന്തിച്ചു. കുഞ്ഞനെ കാണാതായ വിവരം അവർ വീട്ടിൽ പറഞ്ഞു. എല്ലാവരും അന്വേഷണം തുടങ്ങി.

അവന്റെ അമ്മ വിവരമറിഞ്ഞു.അപ്പോൾ തന്നെ അവന്റെ അമ്മ അവനെ തിരഞ്ഞ് യാത്രയായി.ആൽ മരത്തിൻ ചുവട്ടിൽ ഇരിക്കുന്ന കുഞ്ഞനെ കണ്ട അമ്മ ഓടിച്ചെന്ന് അവനെ മാറോട് ചേർത്ത് പിടിച്ചു.അപ്പോൾ കുഞ്ഞൻ അവന്റെ അമ്മയോട് പറഞ്ഞു ഞാൻ ഇനി അമ്മയുടെ സമ്മതമില്ലാതെ എങ്ങോട്ടും പോകില്ല.

അനുസരണക്കേട് ആപത്താണ് എല്ലാവരും ഓർക്കുക.




"മോനെ അപ്പൂ എഴുന്നേൽക്കടാ,നേരം എട്ടരാർക്ക്ണ് വേഗം എഴുന്നേൽക്കടാ".രാവിലെ മറക്കാതെ വന്നേക്കുമമ്മ.അമ്മയാണേൽ നേരത്തെഴുന്നേറ്റ് വഴക്ക് പറയാൻ തുടങ്ങും.സ്കൂളിലത്തെ പിന്നെ പറയണ്ട,ഏത് മുക്ക് മൂലയിൽ നിന്നും എന്റെ ശബ്ദം മാത്രം ശ്രവിക്കും ശരീഫ് സർ.സാറിൻെ ചൂരൽ കണ്ടാൽ മതി മൂത്രം ഒഴിക്കാൻ,പിന്നെ ഗീത ടീച്ചറും എന്റെ എല്ലാ പോരായ്മകളും ഉണ്ടാക്കി കാണും.ഖദീജ ടീച്ചർ മാത്രമാണെന്റെ ആശ്രയം ."എടാ അപ്പൂ നീ എഴുന്നേറ്റില്ലേ"."ഓ തുടങ്ങി"."ഹ്ം കുരുത്തം കെട്ടവൻ,ഞാൻ വടിയെടുത്താലേ അവൻ പൊങ്ങൂ"."ഞാൻ എഴുന്നേറ്റോളാമേ".
(അൽപസമയത്തിന് ശേഷം) ,"അമ്മേ ഞാൻ

പോണ്ടൂ".”നിനക്ക് മോന്താൻ ഒന്നും വേണ്ടേ?”."വേണ്ട","വേണ്ടങ്കിൽ വേണ്ട,ഹ്ഹും പടിക്കില്ല ഒറ്റൊന്നും വീട്ടീന്ന് കുർക്കംവലി ,കളി,ഒരക്ഷരം പഠിക്കില്ല എഴ്ക്തേമില്ല പിന്നെങ്ങിനെ പാസ്സാകും "

“സ-സാറേ ഞാൻ കേറിക്കോട്ടെ അടുത്ത കുഴല്പൂത്തുകാരനും എത്തി,എന്തിനാടാ നീയെല്ലാം സ്കൂളിലേക്ക് പോരുന്നത് " "പഠിക്കാൻ ","പഠിക്കാനാണേൽ പഠിച്ചോളണം കേട്ടോ ","ശരി സാർ ",” ഹ്ഹും കേറിക്കേ ".ണിം, ണിം ,"ഹൊ ബെല്ലടിച്ചു ഭാഗ്യം" (ക്ലാസ്സ് ആകെ ശബ്ദം ഉയർന്നു) "അടുത്ത ക്ലാസ്സ് ഖദീജ ടീച്ചറുടേതാണ്”.അതു കേട്ടപ്പോൾ അപ്പുന് സമാധാനമായി ."കുട്ടികളേ നമുക്കൊരു കളി കളിക്കാം”.(ടീച്ചർ വരുമ്പോൾ സന്തോഷിപ്പിക്കും) "ആദ്യം ബലൂൺ വീർപ്പിക്കണം എന്നിട്ട് നിലത്ത് വീഴാതെ തട്ടണം”."ഇതെന്താ ടീച്ചറേ മനസ്സിലാവുന്നില്ല" ,"തോക്ക് കയറി വെടി വെക്കാതെ, അവസാനം ഉള്ളവന് സമ്മാനം ഉണ്ട്". "ടീച്ചറേ ഒരു നിമിഷം ഇവിടെ കായികത്തിൽ

താൽപര്യമുള്ളവർ വരൂ”.അവരുടെ ക്ലാസ്സീന്ന് തിരഞ്ഞെടുത്തവരിൽ അപ്പു പെട്ടിരുന്നു,ഓട്ടമൽസരത്തിൽ ഒന്നാം സ്ഥാനം സമ്മാനമായി സൈക്കിളും,വീട്ടിൽ ചെന്നവൻ അമ്മയോട് സംഭവം വിവരിച്ചു.പഠനത്തിൽ പിന്നോട്ടാണേലും പിന്നീടവൻ ഭാവിയിൽ വല്ല്യ ഒരു കോച്ചായി തീർന്നു.ദാരിദ്ര്യം അവനെ എത്തിച്ചത് വലിയ നിലയിലേക്ക്,ക്ലാസ്സിൽ എല്ലാവരും പുതുപുത്തൻ സാധനവുമായി വരുമ്പോഴും അപ്പുവിന് പഴയത്.

(ഗുണപാഠം: ആരും താഴ്ന്നവനല്ല ഒരു കാലത്തവരും തിളങ്ങും ,ചിലപ്പോൾ ബുദ്ധിമുട്ടറിയാത്തവർ എവിടേം എത്തില്ല പണം മനുഷ്യനെ വഴി പിഴപ്പിക്കുകഴല്ലാതെ സഹായിക്കില്ല വഞ്ചിക്കും, പണം വിശമത്തിലായ്ത്തും ദാരിദ്ര്യം സന്തോഷത്തിലേക്ക് നയിച്ചേക്കാം.)

# GLOWING SUNSET





You like a star
glowing in sky
like a Red stone
at the time of
evening.
You like a red
diamond
in the heaven like sky.
When you set down in the sea.
Birds rlymes pause in the silent
mode

Between the leaf the sunset

light seen red
moment of a sun
loving this time.....
The most beautiful scene in the
nature
change into light
sky is a feeling angel
a shining dot in the sky.

muhammed sinan 9c



# Your unspoken words




**Those unspoken words**
**which came from your**
**eyes**
**Touched my soul**
**Like water flowing through**
**a river**
**It floated through my mind**
**making it wet**
**It was your unspoken**
**words**
**which gave life to my**
**dead mind**
**Like a new birth**
**It was your unspokenwords**
**which made an end to my sorrows**
**It was your unspoken words**
**which woke me un from my night more**
**It was your unspoken words**
**which really touched my soul**

**Najiya k 10f**

# അടയാളം

അവന്റെ വാക്കിന്റെ വക്കത്ത്
ഒരല്പം മൂർച്ച കണ്ടവർ
പോടിച്ചകന്നു നിന്നവർ
താൻ ചെയ്യാൻ മറന്നകൃത്യം
അവകാശ വാദമെന്ന്യേ,
ചെയ്തവനിറങ്ങുമ്പോൾ
താൻ വരാൻ മറന്നസത്യം
പറഞ്ഞവൻ കയറുമ്പോൾ
നിങ്ങളുടെ മനസ്സിന്റെ പുണ്ണിൽ
പൊറ്റയടന്ന നീറ്റൽ,
നിങ്ങളുടെ കത്തുന്ന കണ്ണിനു പിന്നിൽ
ക്രോധത്തിന്റെ ഒരു മടവാൾ
നിങ്ങളുടെ നാക്കിനു തുമ്പിൽ
ഒരായിരം ചതിവാൾ
വാക്കിനാൽ വധിക്കപ്പെട്ടവനെ
വീണ്ടും വാളിനാൽ നുറുക്കല്ലേ
നിങ്ങളുടെ നഖത്തിനുള്ളിൽ

ഉണങ്ങിപ്പറ്റിയ അവന്റെ ചോര
ചുരുങ്ങിയാൽ മായാത്ത
ഒരടയാളമാകും,
മണ്ണിൽ പടന്നുപറ്റിയ
അവന്റെ ജീവരക്തം
നാളെ, മറ്റൊരുകൊടിയുടെ
മുദ്രയാകും സിന്ധു .എം



# അന്ധകാരത്തെ നശിപ്പിക്കുന്നയാൾ

## ഗുരു

**ഇന്ന് സെപ്റ്റംബർ 5 ,**അധ്യാപകദിനം. വിദ്യ അഭ്യസിക്കുന്ന ഓരോ വിദ്യാർത്ഥിനിയുടെയും ജീവിതത്തിന്റെ ആധാരം കൈകളിലേന്തിയ നമ്മുടെ പ്രിയപ്പെട്ട അധ്യാപകർക്കായി ഒരു ദിനം. സ്വതന്ത്ര ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്ര പതിയായിരുന്നു ഡോ. എസ്. രാധകൃഷ്ണന്റെ ജന്മ ദിനമാണിന്ന്. ഒരു അധ്യാപകൻ എങ്ങനെ യായിരിക്കണം, എന്തായിരിക്കണമെന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു.

വിദ്യ–ധനം അറിവിനാൽ സമ്പന്നമാണ്. ഇന്ന് ഈ ഇന്ത്യാ മഹാരാജ്യത്ത് അറിവിനായി വിദ്യ അഭ്യസിക്കാത്ത ഒരു കുഞ്ഞു പോലും ഉണ്ടാക്കില്ല. വിദ്യ എന്നമഹത്വത്തെ അത്രമേൽ ഉയർത്തിപിടിച്ചിരുക്കുകമാണ് നമ്മുടെ രാജ്യം. വിദ്യാലയത്തിൽ പോയ ഒരു വ്യക്തി കൂലിപ്പണി യെടുക്കുന്നതും വേറൊരു വ്യക്തി ഇതേ വിദ്യ അഭ്യസിച്ച് ഒരു പൂർണ്ണായാൽ അയാൾക്കായിരിക്കും സമൂഹത്തിൽ മുൻതൂക്കം. നമ്മുടെ ജീവിതമെന്തായി തീരണമെന്ന് തീരുമാനിക്കുന്നതും അമ്മയായ വിദ്യമാണ്.
വിദ്യ നേടുന്ന ഏതൊരു വ്യക്തിക്കും നന്മ–തിന്മ

എന്നിവയെ വേർതിരിച്ചറിയാൻ സാധിക്കും.

ഓരോ വിദ്യാർത്ഥിയെയും ജീവിതത്തിന്റെ മൂല്യമാർന്ന പടികളെ തഴുകി തലോടി മുകളിലേക്ക് നടന്നു നീങ്ങാൻ അച്ഛനെയും അമ്മയെയും പോലെ തന്നെ ജീവിത്തതിൽ അതേ മൂല്യത്തിൽ സ്ഥാനം വഹിക്കുന്നവരാണ് അധ്യാപകൻ. യാതൊന്നുമില്ലാതെ വളർന്ന് ജീവിതം എന്തിനോ വേണ്ടി മാറ്റിവെച്ചവരെ, പുഴയെ കൈവഴി കളിലേക്ക് ഒഴുക്കിവിടുന്നതു പോലെ ,അധ്യാപകർ അവരെ നേരിന്റെ നടപ്പാത താണ്ടിക്കുന്നു, ലക്ഷത്തിലെത്തുന്നത് വരെ. ജീവിതത്തിൽ ''ഒരു പണക്കാരന്റെ പട്ടി'' യാവണമെന്ന ഒരേയൊരു ആഗ്രഹമായിരുന്നു ഒരു കുട്ടിയുടെ മനസ്സിൽ മുഴുവൻ. ഇത് കേൾക്കാനിടയായ അധ്യാപകൻ ''എനിക്ക് ഇന്ത്യയുടെ പ്രസിഡണ്ടാവണം" എന്ന് പറയിപ്പിച്ചുകൊണ്ട് ശാസിച്ചു. ദിവസവും ഈ ശ്വാസനയേറ്റു വളർന്ന് ഇന്ത്യയുടെ പ്രസിഡണ്ടായി മാറിയ ആ വ്യക്തിയെ നമുക്ക് ഒരിക്കലെങ്കിലും മറക്കാൻ കഴിയുമോ?

'ഗു' എന്നാൽ ഇരുട്ട്. 'രു' നശിപ്പിക്കുന്ന യാൾ എന്ന വാക്കിന്റെ പ്രതീകം. ഇത് ഒത്തു ചേർന്ന് 'ഗുരു' അന്ധകാരത്തെ നശിപ്പിക്കുന്നയാൾ എന്ന വാക്കിന്റെ മൂല്യത്തിനെ ഉയർത്തി പിടിക്കുന്നു. ഏതൊരു വ്യക്തിയുടെ മനസ്സിലെ ദുഷ് ചിന്തകളെ കീറിപ്പൊളിച്ചു കൊണ്ട് വെളിച്ചം നിറയ്ക്കുന്ന ആളാണ് അധ്യാപകൻ.

ഇതാണ് പ്രാചിന കാഴ്ച്ചപ്പാട്. എന്നാൽ

ആധുനികകതയിലേക്ക് കടന്നുനോക്കിയാൽ വിദ്യയെ ഒരു ധനോപാധിയാക്കി മാറ്റിയ ജനതെയെയാണ് നമുക്ക് കാണാൻ കഴിയുക. അധ്യാപനത്തെ ഒരു ജീവിധോപാധിയായി മാത്രം കാണുന്നു.ഇത് അധ്യാപനത്തിന്റെ മൂല്യത്തെ മണ്ണിൽ കുഴിച്ചു മൂടുന്നു. ഈ അവസ്ഥയിൽ എനിക്കൊരു നല്ല അധ്യാപകനായി മാതൃക കാണിച്ചു കൊടുക്കാൻ എനിക്ക് വളരെയധികം ആഗ്രഹമുണ്ട്. അധ്യാപകർ എന്നാൽ, ജീവിതത്തിന്റെ ചലനത്തിന് താളഭേദവും മനോഹാരിതയും നൽകുന്ന വരാണെന്നും, മനുഷ്യ നന്മയെ വളർത്തിയെടുക്കുകയും ചെയ്യുന്ന വരാണെന്നും ഇന്നത്തെ തലമുറയെ  പഠിപ്പിച്ചു കൊടുക്കാൻ ആഗ്രഹമുണ്ട്.

ഈയിടെ നമ്മൾ പത്രത്തിലൂടെയും മറ്റും അധ്യാപക അവാർഡുകളെകുറിച്ച് അറിഞ്ഞിട്ടുണ്ട്. പക്ഷേ, ഞാൻ മനസ്സിലാക്കുന്നു അവർക്ക് 'ഭാരതരത്നം' പോലും കൊടുത്താൽ മതിയാവില്ല. ഓരോ വിദ്യാർത്ഥിയുടെയും മനസ്സിൽ ഒരു പ്രചോദനം പൊട്ടിമുളപ്പിക്കാൻ അധ്യാപകർക്കു കഴിയും. അങ്ങനെ എത്രയെത്ര അധ്യാപകരെയും അവരുടെ പ്രയത്നത്താൽ ലോകം കീഴടക്കിയ മഹാന്മാരെ നാം കാണുന്നു.

അധ്യാപകർക്കായി ഒരു ദിനം അത് എത്ര മഹത്തരമാണ്. ഇന്ന് ഓരോ വിദ്യാലയങ്ങളിലെയും ഓരോ വിദ്യാർത്ഥികൾ അവരുടെ പ്രിയപ്പെട്ട അധ്യാപകരെ ആദരിക്കുന്നു.
ഈ ദിവസം അവരുടെ ജീവിതത്തിൽ നമ്മുടെ

ജീവിതത്തിലും നമ്മുടെ ജീവിത്തലും നശ്വരമായ തായിരിക്കും. ഓരോ അധ്യാപകനും അവർക്കു നൽക്കാവുന്നതിലുമുപരി നമുക്ക് നൽക്കുന്നുണ്ട്. അതിന് നാം അവരോട് കടപ്പെട്ടിരിക്കണം. അവരെ ദൈവമായി, മാതാവായി, പിതാവായി, കാണണം. ജീവിതത്തിന്റെ ഏതു കോണിലെയും  ഇരുട്ടിനെ പ്രകാശമാക്കുന്ന അവരെ എന്നെന്നും ഓർക്കണം. എഴുത്തച്ഛന്റെ വരികളെ ഓർക്കുന്നു.

"സംസാരകാരിണിയാത വിദ്യയും"
"സംസാരനാശിനിയായതുവിദ്യയും"

ഈ വിദ്യനൽക്കുന്നവരെ ഈ ലോകം എന്നെന്നും സ്മരിക്കട്ടെ....



# അന്വേഷിക്കുക, കണ്ടെത്താം

തെളിഞ്ഞമനസ്സോടെ എല്ലാറ്റിനേയും ഉൾക്കൊള്ളാവുന്ന അവസ്ഥയിലാണ് ഓരോ കുട്ടിയും ജനിക്കുന്നത്. വൈകല്യങ്ങളുള്ള കുട്ടികളിൽപ്പോലും ചില സവിശേഷതകൾ കാണാമല്ലോ! വളരെ ചെറിയ പ്രായത്തിൽ കുട്ടികൾ പലതരം ചോദ്യങ്ങൾ ചോദിക്കാറുണ്ട്.



അവരുടെ ജിജ്ഞാസയുടെഭാഗമാണ്. ചുറ്റുപാടിലുള്ള വൈവിദ്യങ്ങളെ പുതുമയോടെ ഓരോക്കുട്ടിയും നോക്കികാണുന്നു.അതിൽ നിന്ന് പാഠങ്ങൾ പഠിക്കാൻ ശ്രമിക്കുന്നു.

പ്രകൃതിനല്ലൊരു പാഠപുസ്തകമാണ്. നിരീക്ഷണത്തിലൂടെ ഒട്ടനവധി കാര്യങ്ങൾ


പഠിക്കാനും തിരിച്ചരിയാനും സാധിക്കും. വിവിധ തരം പക്ഷികളുടെ ശബ്ദങ്ങളും രൂപങ്ങളും വിവിധയിനം മൃഗങ്ങളുടെ പ്രത്യേകതകൾ ,സസ്യലതാദികളുടെവൈവിധ്യം,വർണ്ണാഭമായ കാ ഴ്ചക ൾക്കൊപ്പം പ്രകൃതിയൊരുക്കുന്ന സംഗീതം വരെ ഇതിൽ ഉൾപ്പെടുന്നു.

മല മുകളിൽ നിന്നും ഉൽഭവിച്ച് കളകളാ രാഗം മുഴക്കി പ്രകൃതിയുടെ വിവിധ ആവാസവ്യവസ്ഥകളെ തഴുകിയൊഴുക്കുന്ന നീർത്തുള്ളികളുടെ രൗദ്രഭാവങ്ങളും ശാന്തതയും പരിസ്ഥിതി സന്തുലാവസ്ഥയിൽ വഹിക്കുന്ന നിസ്തുല സ്ഥാനം മനസ്സിലാക്കേണ്ടതുണ്ട്, തിരിച്ചറിയേണ്ടതുണ്ട്. നമ്മുടെ നിലനിൽപ്പിന് ആവാസവ്യവസ്ഥ വഹിക്കുന്നപങ്ക് തിരിച്ചറിയാൻ ഈ നിരീക്ഷണം അത്യന്താപേക്ഷിതമാണ്.

പുഷ്പങ്ങൾ എന്തിനെന്ന ചോദ്യം പ്രകൃതിയുടെ അലങ്കാരങ്ങളെന്ന സാഹിത്യ ഭാഷയും അവ ജീവന്റെ തുടർച്ചയ്ക്കാണെന്ന ശാസ്ത്രവിശദീകരണവും ഒരു പോലെ പ്രാധാന്യമർഹിക്കുന്നു. വൈവിധ്യമാർന്ന പൂക്കൾ കൗതുകം ജനിപ്പിക്കുന്നതിനോടൊപ്പം പരാഗണവും തുടർന്നുള്ള വിത്തു രൂപീകരണത്തിലും അതുവഴി സസ്യങ്ങളുടെ തുടർച്ച സാധ്യമാക്കുന്നതാണെന്നുമുള്ള നിരീക്ഷണവും പഠനപ്രക്രിയയെ

രസകരമാക്കുന്നു.

ഓരോ ചെടിയുടെ വിത്തും വൈവിധ്യമാർന്നതാണ്. അത് വിവിധ



പശ്ചാത്തലങ്ങളിൽവളർന്നുവരുന്നു. പ്രതിസന്ധികളെ അതിജീവിക്കാനുള്ള പശ്ചാത്തലസൗകര്യങ്ങളുംവ്യത്യസ്തമാണ് .പ്രതിസന്ധികളെഅതിജീവിക്കാനുള്ള ശേഷി സ്വയം ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. അതിന് പരസ്പര പഠനം തീർച്ചയായും ഒരു മാതൃകയാണ്. അതിനായി ചുറ്റുപാടുകളെ കൗതുകത്തോടെ നിരീക്ഷിക്കാം,
അന്വേഷിക്കാം, നമുക്ക് കണ്ടെത്താം
.

ഡോ. സതീഷ് കെ
അദ്ധ്യാപകൻ

# അവൻ വരും വരാതിരിക്കില്ല

സൂര്യൻ പുലരുന്നു,"എടീ ജാനു...നീ എവിടെ?" കണാരൻ വിളിക്കാൻ തുടങ്ങി."എന്താ ഏട്ടാ". "ഇന്നല്ല്യോടീ നമ്മുടെ മകൻ വരുന്നത് ഇന്നുതന്നെയല്ലേ?" "ആ ഇന്നുതന്നെയാണെന്ന് ഉറപ്പാ ,അവൻ വിളിച്ചിരുന്നു."തന്റെ മകൻ വിദേശത്തുനിന്നു വരുന്നതും കാത്തിരിക്കുകയാണ് കണാരനും ജാനുവും.

മകനായ ഗോവിന്ദ് വിദേശത്തെ വലിയൊരു ബിസ്നസ്മാനാണ്.ഇവർ കുറെയേറെ കഷ്ടപ്പെട്ടിട്ടാണ് ഗോവിന്ദനെ വിദേശത്തേക്ക് അയച്ചത്. സമയം ഉച്ചയോടടുക്കാനായി. ജാനു മകനുവേണ്ടി ഇഷ്ടമായ വിഭവങ്ങൾ തയ്യാറാക്കി കാത്തിരിക്കുകയാണ്. കണാരനാകട്ടെ,ഒരു രോഗിയാണ്. ആ ചിന്തപോലുമില്ലാതെ മകൻ വരുന്ന ഉത്സാഹത്തിൽ തന്റെ രോഗം വരെ മറന്നുപോയി. എത്രയോ കാലത്തിനു ശേഷമാണ് മകനെ കാണുന്നത് ആ സന്തോഷത്തിലാണ് രണ്ടു പേരും. "എടിയേ..ജാനു,അവനെ കാണുന്നില്ല്യോടീ. അവൻ വരുമോ!" "അവൻ വരുമെന്നേ,കണാരേട്ടാ അവനിപ്പോ മാറിക്കാണുമോ, അതുപോലെ അവന്റെ സ്വഭാവവും? " "ഇല്ലെടിയേ അവൻ നമ്മുടെ മകനല്ലേ,അവൻ വരും."

അങ്ങനെ വീണ്ടും അവരുടെ കാത്തിരിപ്പിന് വിരാമമില്ല . തന്റെ പേർക്കുള്ള സ്വത്തുക്കളുമൊക്കെ തന്റെ ഒറ്റ മകനായ ഗോവിന്ദന് എഴുത്തിവെയ്ക്കാനുള്ള ഏർപ്പാടി- ലാണ് കണാരൻ.

ഏതോ ഒരു കാറിന്റെ ശബ്ദം. അവർ ഉമ്മറത്തു- ചെന്നുനോക്കി കുറെപേർവരുന്നു."നിങ്ങളല്ലേ കണാരൻ."

"അതെ" "നിങ്ങളുടെ മകനാണോ ഗോവിന്ദ്?"

"അതെ""ഒരു കാര്യം പറയാനുണ്ട്. ഒരു വാഹനപകടത്തിൽ പെട്ട് നിങ്ങളുടെ മകൻ മരിച്ചു."

"അയ്യോ എന്റെ മകനെ......."

കണാരനും ജാനുവും ഏതോ വിരഹത്തിന്റെ ലോകത്ത് എത്തിയപോലൊരു അനുഭവം അവർക്ക് തോന്നി. എവിടെന്നൊക്കെയോ മകന്റെ ശബ്ദങ്ങളും മകൻ വിളി ക്കുന്നതുപോലെയുള്ള തോന്നലും,അത് എന്നും അവരെ അലട്ടി.വലിയൊരു തീകണൽ അവരുടെല മനസ്സിൽ എരിയുന്നപോലൊരു തോന്നൽ. മകന്റെ മരണം അവരെ രണ്ടുപേരെയും വല്ലാതെ തളർത്തിയിരിക്കുന്നു. എവിടെയും മൂകതമാത്രം അനുഭവപ്പെട്ടു.അപ്പോഴും അവന്റെ വിളികൾ കാതിൽ മുഴങ്ങിയിരുന്നു. ജാനു തന്റെ മകന്റെ മരണത്തോടെ മുഴുവനായും തളർന്നു. അവരുടെ എല്ലാ സമ്പാദ്യവും അവനായിരുന്നു.ഏതോ ഓർമയിൽ ജാനു"ഏട്ടാ, അവൻ വരും"

"എടീ പോയില്ലേ അവൻ നമ്മെ ഒറ്റക്കാക്കിട്ട്."

''ഇല്ല, നമ്മുടെ ഗോവിന്ദ് വരും വരാതിരിക്കില്ല''.

ഗോവിന്ദിന്റെ ഓർമകൾ മാത്രം ഇനി കണാരനും ജാനുവിനും. അവന്റെ ഓരോ വിളികൾക്കായ് അവർ കാതോർത്തുകൊണ്ടേയിരുന്നു. അവൻവരും വരാതിരിക്കില്ല എന്ന പ്രതീക്ഷയോടുകൂടി അവരുടെ ജീവിതം തുടരുന്നു .

ഇങ്ങനെയാണ് ജീവിതത്തിൽ അടുത്തിടപഴകുന്നവരുടെ മരണം വേണ്ടപ്പെട്ടവരെ വല്ലാതെ വേദനിപ്പിക്കും.



# സമ്പൂർണ്ണ കായിക വിദ്യഭ്യാസം

കുട്ടിയുടെ സമഗ്ര വികാസത്തിന് വളർച്ചക്കും ആരോ ഗ്യം



നിർബന്ധമാണ്.ആരോഗ്യ കായിക വിദ്യഭ്യാസത്തിന് ഊന്നൽ നൽകുന്ന വിദ്യാലയ ആന്തരീക്ഷമാണ് ഇന്നുള്ളത്. ഭാഷയും ശാസ്ത്രവും കലയുമൊക്കെനമ്മെ യഥാർത്ഥ മനുഷ്യരായി ഉയർത്താനുള്ളതാണ് .

അതേ പ്രാധാന്യം കുട്ടിയുടെ വളർച്ചക്ക് കായിക വി നോദങ്ങൾക്കുമുണ്ട്. കളികൾ വെറും വിനോദം മാത്ര മല്ല. കളിക്കുമ്പൾ കുട്ടികൾനേടുന്ന സഹകരണവും ഐ

കൃവും സമത്വവുമൊക്കെയാണ്. പ്രശ്നങ്ങളെ ധീരമായി നേരിടാൻ ഉചിതമായ രീതി. കളികൾ കുട്ടികളെ പ്രാപ്ത മാകുന്ന ചിട്ടയും അച്ചടക്കവും അത് കുട്ടികൾക്ക് നൽകണം രോഗപ്രതിരോധത്തിനും കായിക വിനോദ ത്തിനും അത്യാവശ്യമാണ്. ദൈന ദിന ജീവിതത്തി ലും സമീഹത്തിലും കരുത്തും ആത്മനിശ്വാസവുംച്ചേർ ന്ന ആരോഗ്യം ആവശ്യമാണ്. അത് കുട്ടികളിലൂടെ നേടിയെടുക്കാൻ കഴിയും.കായികവിനോദങ്ങളിലൂടെ കുട്ടികൾക്ക് ആനന്ദം കണ്ടെത്താൻ കഴിയും അതുമാത്ര മല്ല ജീവിതത്തിൽ തോൽവിഉൾക്കൊള്ളാനും തോറ്റവരെ ഉൾക്കൊള്ളാനും അവരെ സ്വാന്തരിപ്പിക്കാ നും ജയിക്കുന്നവരെ അംഗീകരിക്കാനും അവരെ അഭി നന്ദിക്കാനും കുട്ടികൾ പഠിക്കണം. കുട്ടിയുടെ ആരോഗ്യ വികാസത്തിനു ഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കു യും ആരോഗ്യമായജീവിതശൈലികളുംചിട്ടമായ ജീവിത രീതിയും നല്ല മനോഭാങ്ങൾ വളർത്തുകയും ചെയ്യുക എന്ന താണ് ആരോഗ്യ കായിക പഠനത്തിന്റെ പ്രധാന ലക്ഷ്യം.

# അധ്യാപനം ഒരു മഹത്വപാടവം

ഡോ: എസ് രാധാകൃഷ്ണന്റെ ജന്മ ദിനം നാം അധ്യാപകദിനമായി ആഘോഷിക്കുന്അറിവിന്റെ ലോകത്തേക്ക് കൈപ്പിടിച്ചുയർത്താൻ പുതിയ തലമുറയെ അക്ഷരങ്ങളുടെ ലോകത്തേക്ക് നയിക്കാൻ അധ്യാപകൻ വിലയേറിയ സംഭാവനകൾ അർപ്പിക്കുന്നു. ആദ്യത്തെ ഉപരാഷ്ട്രപതി എന്ന തില്ല പതി ഒരുമികവുറ്റ അധ്യാപകനായിരുന്ന ഡോ : എസ് രാധാകൃഷ്ണൻവിദ്യനേടി അറിവിന്റെ കാവലാളാൻ ഓരോ വിദ്യാർത്ഥിയേയും നയിക്കുന്നത് വിദ്യാഭ്യാസമാണ് അധ്യാപനത്തിൽനിർത്താൻ കഴിഞ്ഞപ്രതിഭയാണ് എസ് രാധാകൃഷ്ണൻ.

'അധ്യാപകൻ' എന്ന ജോലി മികവുറ്റതാണ് എന്ന് പറയുമ്പോൾഅതിന് കൂടുതൽ അർഥതലങ്ങളുണ്ട്. മനസ്സിനെ വായിക്കാൻ കുട്ടികളിലേക്ക് കടന്നുചെല്ലാൻ സാമൂഹ്യമര്യാദ പഠി

പ്പിക്കാൻ ഒരു പങ്ക് നമ്മുടെ അധ്യാപകർക്കും ഉണ്ട്. ജീവിതത്തി ൽ വിജയം വതിച്ചവർ ഉന്നത തലങ്ങളിലേക്ക് എത്തിയവർ അവർ ഒരിക്കലെങ്കിലും തന്നെ പഠിപ്പിച്ച ആ മേഖലയിലേക്ക് പ്രേരിപ്പിച്ച ചില അധ്യാപക രെങ്കിലുമുണ്ടാകും.

" വിദ്യയെന്നാൽ സർവ്വധനാൽ പ്രധാനം" എന്നാണല്ലോ? സമ്പത്ത് ആരോഗ്യം തുടങ്ങി എല്ലാ സാഹചര്യങ്ങളും കുറച്ചുകാലത്തേക്ക് മാത്രം. എന്നാൽ വിദ്യ അറിവ് എല്ലാകാലവും നമ്മുടെ ഉണ്ടാകും ആ അറിവിന്റെ വെളച്ചത്തിലാണ് നാം ജീവിക്കുന്നത്. ഒരിക്കൽ ഒരു പണ്ഡിതൻ ചെറുപ്പത്തിൽ നടന്നുപ്പോവുകയാണ്. അവൻ അവന്റെ ഗുരുവിനരികിൽനിന്ന് വിദ്യ അഭ്യസിച്ചതിനു ശേഷം തിരികെ വീട്ടിലേക്ക്

തിരിക്കുകയാണ്. യാത്രയുടെ മൂർധന്യത്തിൽ ചില കൊള്ളക്കാർഅവരെ ചുറ്റുന്നു. അപ്പോൾ അവൻ പറയുന്നു."എന്റെ എല്ലാം നിങ്ങൾ എടുത്തോളൂ. പക്ഷേ ഞാൻ ഇത്രയും കാലം അഭ്യസിച്ച എന്റെ പാഠ പുസ്തകങ്ങൾ എനിക്ക് തരൂ.




# എന്തിനീ ക്രൂരത ഭൂമിയോട് ?




പച്ചപ്പൂവിരിയിവുക്കുന്നുകൾ
ഈ പച്ചയാം നാടിന്റെ
നന്മകൾകേരളം എന്ന
മൂന്നക്ഷരം
ചൊല്ലുവാൻ ഉണ്ണികൾക്ക്
എന്തേ ഇത്ര നാണം.
നാം പിറന്ന മണ്ണാണിത്
നാം പിച്ചവെച്ച കാൽപാദം
പതിഞ്ഞഈ
മണ്ണിനോടെന്തേ ഇത്ര
ദേഷ്യം
നേടാനും വെട്ടിപിടിക്കാനും
വാനോളം മുട്ടെ പടരാനും
കുരുതി കൊടുക്കുന്നത്
എന്തിന് ?എന്തിന് ?
കൊത്തിയും മാന്തിയും
വയലുനികത്തിയും
എന്തിനീ ക്രൂരത ഭൂമിയോട്...
സംസാരശേഷിയുരുന്നെങ്കിൽ
പറയുമീ ഭൂമി തൻ
സങ്കടങ്ങൾ..കൊടും ക്രൂരതകൾ

മനുഷ്യനായി ജന്മമെടുത്തൂനാം
തൻ പ്രവർത്തികൾ കാലൻ
തൻ രൂപേനയും....
ഒന്നേ എനിക്കുള്ളൂ
ചോദിക്കാൻ..
എന്തിനീ ക്രൂരത ഭൂമിയോട്....
ഈ ഭൂമിയോട്....?

ഐശ്വര്യ 10A



# Mother

The true light
which burns all the time
It leads me
through the darkness
Her presence
is soothing for me
She was a friend
when I was a child
She played with me
and shared the joy
She was a guide
when I was in my teen
She showed my path
and helped me
to recognize what is good or bad
She was also my father
when I lost him at an early age
She is a real magic
with which she controls us
Now,I wonder
How can I be a mother like her!

**Subaida V**
English Teacher

# അനുഭവക്കുറിപ്പ്

## നന്മയുടെ സ്വർണത്തരികളായി ...

സുവർണനഗരി എന്നറിയപ്പെടുന്ന കൊടുവള്ളിയിലെ ഗവൺമെന്റ് സ്കൂളിൽ ജോലികിട്ടിവന്നപ്പോൾ മനസ്സിൽ എന്തൊക്കെയോ ആയിരുന്നു. പ്രാദേശികമായ സാഹചര്യങ്ങൾ മിക്ക കുട്ടികളുടെയും പഠനമികവിനെ നന്നായി ബാധിച്ചിരുന്നു. പഠനകാര്യങ്ങൾ അങ്ങനെയൊക്കെ ആയിരുന്നാലും നന്മകൾ കൊണ്ട് അവർ ഏറെ മിടുക്കരാണ് എന്ന് അനുഭവത്തിലൂടെ ഞാൻ മനസ്സിലാക്കി.

ഈ വർഷം എന്റെ ക്ലാസ്സിൽ രണ്ടു കുട്ടികൾ ആരോഗ്യപരമായ ചില പ്രശ്നങ്ങൾ ഉള്ളവരായിരുന്നു.- ഒരു പെൺ കുട്ടിയും ഒരു ആൺ കുട്ടിയും. വളരെ ആശങ്കകളോടെയാണ് അവരുടെ മാതാപിതാക്കൾ സ്കൂൾ തുറന്നപ്പോൾ ഇവിടെ വന്നത്. ക്ലാസ്സിന് അകത്തും പുറത്തുമായി അവൾക്ക് പലവട്ടം അസുഖമുണ്ടായി. അപ്പോഴൊക്കെ അവളെ അന്വേഷിക്കാനും സഹായിക്കാനും ക്ലാസ്സിലെ മറ്റു പെൺകുട്ടികൾ മനസ്സുകാട്ടി. മൗനത്തിന്റെ ആയക്കയങ്ങളിൽ ഒറ്റപെടാതയുള്ള മനസ്സുമായി, ഒരു പരിധി വരെ ജീവിതംപോലും മടുപ്പോടെ കണ്ടിരുന്ന ആ കുട്ടി ചിരിക്കുന്ന, ഉറക്കെസംസാരിക്കുന്ന മിടുക്കിയായിരിക്കുന്നു ഇപ്പോൾ. ഇതിന് സൗഹൃദത്തേക്കാൾ നല്ലൊരു മരുന്ന് വേറെ ഏതാണ്....?

ഒരു മാസം മാത്രം ക്ലാസ്സിൽ വന്ന് അസഹ്യമായ മുട്ടുവേദനകൊണ്ട് സ്കൂളിൽ വരാനാവാതെപോയ കുട്ടിയാണ്


മറ്റെയാൾ. പലവട്ടം അധ്യപകർ വീട്ടുസന്ദർശിച്ചും ഫോണിൽ വിളിച്ചും അവന്റെ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടേയിരുന്നു ഇനി മുതൽ ഇടവിട്ട ദിസങ്ങളിൽ വരാൻ ശ്രമിക്കാം എന്നു പറഞ്ഞെങ്കിലും അവന് വരാൻ പറ്റിയില്ല. അങ്ങനെയിരിക്കെ അർദ്ധവാർഷിക പരിക്ഷക്ക് തൊട്ടടുത്ത സമയത്ത് ക്ലാസ്സിലെ ആൺകുട്ടികളോട് കഴിയുമെങ്കിൽ അവധിക്ക് അവനെ കാണാൻ പോകണമെന്ന് ഞാൻ പറഞ്ഞു. അവൻ ഒരു സന്തോഷമായിക്കോട്ടെ. എന്തായാലും സ്കൂൾ തുറന്നപ്പോൾ ക്ലാസ്സിൽ അവനുണ്ട്. പരീക്ഷക്കിടയിൽ വന്ന ഹർത്താൽ ദിവസം കൂട്ടുകാരെല്ലാവരും കൂടി അവനെ കാണാൻ ചെന്നിരുന്നുവത്രെ. " വേദനയുണ്ട്, എന്നാലും കുഴപ്പമില്ല . ഇവർവന്നപ്പോൾ എനിക്കൊരു ധൈര്യം കിട്ടി" എന്ന് പറഞ്ഞുകൊണ്ട് ചിരിക്കുമ്പോൾ ആ ചിരിയിൽ കാലിന്റെ വേദനയെക്കാൾ സൗഹൃദത്തിന്റെ ശക്തി അലിഞ്ഞുചേർന്നിരുന്നു.

സ്വർണത്തെക്കാൾ തിളക്കമുള്ള നന്മയുടെ തരികൾ നിറഞ്ഞ ഈ കുട്ടികളുടെ ഇനിയുമെത്രയോ അനുഭവങ്ങൾ...! ഈ നന്മകൾ ഒരിക്കലും മയാതിരിക്കട്ടെ !

-സ്റ്റെല്ലാ മരിയ തോമസ്.

മലയാളം അധ്യാപിക.


## എല്ലാം തിരിച്ചു വരും




അമ്മയാം ഭൂമിതൻ നെഞ്ചുപിളർന്നു
കാക്കകൾകൊക്കുകൾ
അങ്ങനെയങ്ങനെ
ജീവനായുള്ളവയെല്ലാം നഷിക്കുതായി
വെള്ളമാമാറിൽ നിറച്ചുവെച്ചൊരു
പുഴകരഞ്ഞുതളർന്നങ്ങനെ നിൽപ്പൂ
ദിവാകരൻ തന്നുടെ കിരണങ്ങൾ
കുന്തംപോലങ്ങനെ എറിയുന്നമ്മതൻ
നെഞ്ചിൽ
മേഘമോ, വെള്ളമില്ലാതെയങ്ങനെ
ചുണ്ടിചുരുളിചുരുണ്ടുപോയി
ഹരിതം നിറഞ്ഞൊരു പ്രകൃതിയിലെല്ലാം

# നാടൻകലകൾ ഓണപ്പൊട്ടൻ

മാനവ ചരിത്രത്തോളം പഴക്കമുണ്ട് നാടൻ കലാരൂപങ്ങൾക്ക്ജനനം മുതൽ മരണം വരെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളു മായി ബന്ധപ്പെട്ട താണത്. മിക്കകലാരൂപങ്ങളും സമുദായികമായി ബന്ധപ്പെട്ടിരിക്കുന്നു. പണ്ടുകാലത്ത് സമുദായ ത്തിനനുസൃതമായാണ് മനുഷ്യർ തൊഴിൽ ചെയ്തിരുന്നത്. അതായത് ഓരോ സമുദായത്തിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തൊഴിൽ മാത്രമേ പാടുണ്ടാ യിരുന്നുള്ളൂ.അതുകൊണ്ട് തന്നെ കലാരൂപങ്ങളും ഓരോ സമുദായത്തിന്റെ അചാരനുഷ്ഠാനങ്ങളുമായി അഭേദ്യബന്ധം പുലർത്തുന്നു. കൂടാതെ പ്രാദേശികമായ പ്രത്യേകതകളും രീതികളും നാടൻ രൂപങ്ങളെ ബാധിക്കുന്ന



മറ്റൊരു ഘടകമാണ് ഓണപ്പൊട്ടൻ. ഇത്തരത്തിലുള്ള

പ്രത്യേകതകളെല്ലാം ഒത്തിണങ്ങിയ ഒരു നാടൻ കലാരുപമാണ്

ഓണപ്പൊട്ടൻ. കടത്തനാട് പ്രദേശത്ത് ഇന്നും സജീവമായി ഈകലാരൂപം പ്രചാത്തിലുണ്ട്. ചിങ്ങമാസത്തിലെ ഉത്രാടം, തിരുവോണം നാളുകളിൽ ഓണപ്പൊട്ടൻ വീടുകൾ തോറും കയറുന്നു. തിറക്കെട്ടിയാടുന്നഅഞ്ഞൂറ്റാൻ,മുന്നുറ്റാൻ വിഭാഗത്തിൽ പ്പെട്ടവർ തങ്ങൾക്ക് ജന്മവകാശമായി കിട്ടിയ ദേശത്ത് വേഷം കെട്ടി വീടുകൾ സന്ദർശിക്കും. വീട്ടുകാർ അവരെ അരിയോ പണമോ നൽകി സ്വീകരിക്കും. ചുവപ്പുടുത്ത് മുടിയും താടിയും മറ്റ് ചമയങ്ങളും ധരിച്ച് കിരീടം വെച്ച് ഓണപ്പൊട്ടന്റെ ഇടതു കൈയിൽ ഓലക്കുടയും വലതു കൈയിൽ മണിയും ഉണ്ടാകും. സിന്ധു എം

*മലയാളം അധ്യാപിക.*



# കടങ്കഥകൾക്കു പിന്നിൽ

കടങ്കഥകൾ പറയാനും കേൾക്കാനും ഇഷ്ടമില്ലാത്തവരായി ആരുണ്ട്. കുട്ടിക്കാലത്ത് കടങ്കഥകൾ ഞങ്ങൾക്കൊക്കെ ഒരു നേരമ്പോക്കായിരുന്നു. ഇന്നിപ്പോൾ സാഹചര്യങ്ങൾ മാറി. മറ്റു പല വിനോദോപാധികളുമായി വന്നു. ടിവിയുടേയും, മൊബൈൽ ഫോണിന്റെയും മുമ്പിൽനിന്നും മാറാൻ കുട്ടികൾക്ക് സമയം തികയാതെയായി. അതോടെ കടങ്കഥ കുട്ടികളെ സംബന്ധിച്ചിടത്തോളം ഇന്നൊരു നേരമ്പോക്ക് അല്ലാതെയായി. കാലത്തിനൊത്തുള്ള മാറ്റം അനിവാര്യവുമാണല്ലോ.

എന്നാലും കടങ്കഥകൾ കേൾക്കാൻ ഇന്നും എല്ലാവർക്കും താല്പര്യം തന്നെയാണ്.

അപ്പോൾ എന്താണ് കടങ്കഥ? കടങ്കഥ പറഞ്ഞാൽ കടം പെരുകും എന്നായിരുന്നു പഴമക്കാർ പറയുക. അറിവിന്റെ വലിയൊരു ഭണ്ഡാരം തന്നെയാണ് കടങ്കഥകൾ. പ്രത്യേകിച്ചും നാട്ടറിവുകളുടെ മനുഷ്യന്റെ അറിവും അനുഭവസമ്പത്തും, യുക്തിയും കോർത്തിണക്കി ചെറിയ വാക്യങ്ങളിൽ കോർത്തിണക്കുന്നു. പെട്ടൊന്നൊരു ഉത്തരം കണ്ടെത്താൻ കഴിയാത്തതും ഗൂഢമായ അർത്ഥം ഉള്ളതുമായ ചെറിയ ചോദ്യങ്ങളാണ് കടംകഥകൾ. ചോദ്യങ്ങളെ അപേക്ഷിച്ച് ഉത്തരം ചെറുതായിരിക്കും. മിക്കവാരും ഏതെങ്കിലും ജീവനുള്ളതോ ഇല്ലാത്തതോ ആയ ഒരു

വസ്തുവിന്റെ പേരായിരിക്കും ഉത്തരം. ഇംഗ്ലീഷിൽ ഇത് Riddle എന്നറിയപ്പെടുന്നു.

അൽപം ചിന്തിച്ചു മാത്രം ഉത്തരം സൂക്ഷമാർത്ഥം ഗ്രഹിക്കാൻ കഴിയുന്ന ചോദ്യങ്ങളോ ഉത്തരങ്ങളോ ആയി കടങ്കഥകൾ ലോകത്തെല്ലായിടത്തും പ്രചാരമുണ്ട്. കടങ്കഥകൾ ഒരു സാഹിത്യ

വിനോദം കൂടിയാണ്. പഴങ്ങൾ, പച്ചക്കറികൾ,

വീടുകൾ, ജന്തുക്കൾ, മരങ്ങൾ എന്നിങ്ങനെ എല്ലാത്തിനെ കുറിച്ചും കടങ്കഥകളുണ്ട്.

മലയാളത്തിൽ കടങ്കഥകൾക്ക്

കുട്ടികളുടെ ഇടയിൽ നല്ലപ്രചാരം നൽക്കിയത്

കുഞ്ഞുണ്ണിമാഷ് ആണ്. കടങ്കഥകളുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾും സമാഹര

ണങ്ങളും അദ്ദേഹം പ്രസിദ്ധീകരച്ചിട്ടുണ്ട്.

കടങ്കഥകൾ:-

1.കിക്കിലുക്കും, കിലുകിലുക്കും ഉത്തരത്തിൽ ചത്തിരിക്കും.

2.ഞെട്ടില്ലാവട്ടയില്ല.

3.ആനകേറാമല ആളുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി.

4.അകത്തറുത്താൽ പുറത്തറിയും.

സിന്ധു എം

*മലയാളം അധ്യാപിക.*

# പുലരിയിൽ വിരിയുന്നു



പുലരിയിൽ നിന്നും നാം
ഉണരുന്നു
പുലരി തൻ അമ്മയായി
വിരിഴുന്നു
പുലരിയിൽ കിളികൾ പാടുന്നു
പുലരിയിൽ മനുഷ്യതൻ
അദ്ധ്വാനം
പണ്ടുള്ളവർ പാടത്തു
പണിക്കുപോകും പുലരിയിൽ
പുഴകൾ കള കളം പാടുന്നു
പുലരിയിൽ
വൃക്ഷങ്ങൾ കാറ്റടിക്കും
പുലരിയിൽ
പുലരിയിൽ സൂര്യയോദയം
പൂ മൊട്ടു വിരിഴുന്നു പുലരിയിൽ
പുലരിയിൽ മനുഷ്യൻ എത്തുന്നു പുഴയിൽ നീന്താൻ
പുഷ്പങ്ങളെ ഉണർത്തുന്ന സൂരിയോദയം
പ്രഭാത കിരണങ്ങൾ തട്ടി തേടുന്ന പുൽകൊടികൾ
മേഘങ്ങൾ എഴുനേൽക്കുന്നു പുലരിയിൽ
പുലരിയിൽ സൂര്യൻ വിരിയുന്നു മലയിൽ
പുലരിയിൽ നാം  പ്രാർത്ഥിക്കുന്നു
പഠിക്കുന്ന പുലരിയിൽ നാം
പുലരിയിൽ നാം പോകുന്ന സ്കൂളിൽ
പുലരിയിൽ ഭൂമിയിൽ പകരുന്ന വെള്ളിച്ചം
ഭൂമിയിൽ വിരിഴുന്ന സ്വപ്നങ്ങൾ പുലരിയിൽ
മനുഷ്യരുടെ സ്വപ്നങ്ങൾ വിരിഴുന്നു പുലരിയിൽ

# KALAMELA

















# ശാസ്ത്രമേളയിലൂടെ














# കായികമേളയിലൂടെ.......














# സൂര്യോദയം

പുലരി.....പുലരി.....ലലലല്ലലാലാല
പുലരി വന്നു തഴുകി നേരംം....
പൂക്കളുനണർന്നു കിളികൾ
ഉണർന്നു.മഞ്ഞു പളിയിലൂടെ
ഉയരുന്ന സൂര്യൻ
സൂര്യൻ പ്രകാശം പരുകുന്നു
പുരി വന്നു തഴുകി നേരം
പൂക്കളുണർന്നു കാറ്റിലാടുന്നു
കിളികൾ തേടി അകലുന്നു
നാട്ടിലെങ്ങും വെള്ളിച്ചം....
സൂര്യനപദിക്കുന്ന നേരം....
മലകൾ കടന്നു കടലു കടന്നു വന്ന
സൂര്യൻ ..... അന്തരീക്ഷത്തിൽ പകരുന്ന
പ്രകാശം.......പ്രകാശം.......
കിഴക്കുദിക്കും സൂര്യൻ
പടിഞ്ഞാർ അസ്തമിക്കും
പ്രഭാത കാർമേഘം ഉണരുന്ന നേരം
സൂര്യപ്രകാശം പകരുന്നു
കിളികൾ തീറ്റ തേടി അകലും.....
പൂമ്പാറ്റ തേനു തേടിഅകലുന്ന നേരം.....
പുലരി വന്നു തഴുകി നേരംം
പൂക്കളുണർന്നു കിളികളുണർന്നു
മഞ്ഞു പാളിയിലൂടെ എത്തി നോതക്കും
സൂര്യൻ.................സൂര്യൻ..................



# കേരളം

ഇന്ത്യയിടെ തെക്കുപടിഞ്ഞാറെയറ്റത്ത് അറബിക്കടലിനും സഹ്യപർവ്വതത്തിനും ഇടയിൽ ഒരു പച്ച വരപോലെ നീണ്ടു കിടക്കുന്ന കേരളം ഒട്ടേറെ വ്യത്യസ്തതകളും അപൂർവതകളും കൊണ്ട് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നു. പൗരാണികമായ ചരിത്രവും നൂറ്റാണ്ടുകൾ വഴക്കുള്ള വിദേശ വ്യാപാര ബന്ധവും കലാ സാഹിത്യ രംഗങ്ങളിൽ സുദീർഘമായ പാരമ്പര്യവും കേരളത്തിനുണ്ട്.ഇന്ത്യയിലെ ഏറ്റവും ഉയർന്ന സാക്ഷരതയുള്ള കേരളം സാമൂഹികരീത,സ്ത്രീ പുരുഷ സമത്വം ആരോഗ്യനിലവാരം വിദ്യഭ്യാസം തുടങ്ങിയ രംഗങ്ങളിലും മുന്നിൽ തന്നെയാണ്. അനുഗ്രഹീതമായ പ്രകൃതിയും ജലസമൃദ്ദിയുള്ള കേരളത്തെ മഴയുടെ സ്വന്തം നാട് എന്നും വിശേഷിപ്പിക്കാം



തകർത്തു പെയ്യുന്ന ഇടവപ്പാതി വർഷം എന്നീ മഴക്കാലത്താണ് കേരളത്തിന്റെ ജിവനാഡികൾ മതസാഹോദര്യത്തിന്റെ ഇടമായ കേരത്തിലൂടെയാണ് കൃസ്ലുമതവും ഇസ്ലാം മതവും ഇന്ത്യയിലേക്കെത്തിയത് ഇന്ത്യയിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയവും മുസ്ലിം ദേവാലായവും



മുസ്ലിം

ദേവാലായവും

കേരളത്തിലെ കൊടുങ്കല്ലൂരിലാണ് സ്ഥിതി ചെയ്യുന്നത്. സുഗന്ധ വ്യഞ്ജനങ്ങളുടെ കലവറ കൂടിയാണ് കേരളം സുഗന്ധ ദ്രവ്യങ്ങൾ തേടിയാണ് വിദേശികളായ കച്ചവടക്കാർ കേരളത്തിൽ എത്തുന്നത് പിന്നീട് .യൂറോപ്യൻ സാമ്രാജ്യ ശക്തികൾ എത്തിയതും ഇതേ പാതയിലൂടെയായീരുന്നു. വ്യത്യസ്തമായ ഈ നാടിന്റെ ഒരു യാത്ര പോകാം. ഇത് നിറങ്ങളുടെയും രുചികളുടെയും ഈണങ്ങളുടെയും യാത്രയാണ് സ്വന്തം ദേശത്തെ അറിയാനുള്ള യാത്ര.........

# കേരളം സുന്ദരം

ശൃംഗാര കേരളമെങ്ങരം തലയുയർത്തീ
നടനത്തിനൊരുങ്ങി.... വയലേലകൾ
ഹരിതാഭ വിളങ്ങുന്ന മരുഭൂമിയും
കേരളം വിശ്വമെങ്ങും കേളി കേൾപ്പൂ

കള കള ഗാനം കേൾപ്പൂ അരുവികൾ തൻ
കിളികൾ കൻ സുമധുര ഗീതങ്ങളും
വൃക്ഷലതാദികൾ വീടൊരുക്കും
സുന്ദരം സുന്ദരം എൻ കേരളം

മോഹന നടനമാടും മയിലുകളും
മോഹിച്ചു പോകും എൻ കേരളം
മോഹന രാഗത്തിൽ ഗീതങ്ങളും

ആരും കൊതിക്കും എൻ കേരളം

കഥകളി വേഷമുള്ളിൽ മിഴിതുറക്കും
കലകൾ കേളികൊട്ടാം എൻ കേരളം
കൈകൊട്ടി പാടുന്ന കൺമണികൾ
കാലിൽ ചിലങ്കകെട്ടും എൻ കേരളം

കവികൾ തൻ ഭാവനകൾ
നിറഞ്ഞുനിൽക്കും
കമനീയ സ്വപ്നമാണിന്നെൻ കേരളം
കല്പ വൃക്ഷങ്ങളാൽ അണിയിച്ചൊരുക്കും
സുന്ദരം സുന്ദരം എൻ കേരളം

സന്തോഷ് കെ ടി
അദ്ധ്യാപകൻ

# നവീകരണം

ഇവിടം ഇന്റർ നാഷ്നലാവുന്നു
ഹരിത ഉദ്യാനം തീർക്കാനായി
തൊടിയിലെ പുല്ലെല്ലാം പറിച്ചുമാറ്റി;
കൂടെ മുക്കുറ്റിയും കറുകയും
മുറ്റത്തേക്ക് ചാഞ്ഞുനിന്ന മരത്തിന്റെ കൊമ്പിറക്കി
മണ്ണിടിച്ച് മുറ്റം നിരത്തി
ഇറക്കുമതി ചെയ്ത കട്ടകൾ വിരിച്ച് ഭംഗിയാക്കി
പ്ലാസ്റ്റിക് ചട്ടികളിൽ പൂക്കൾ വിരിഞ്ഞു
(-മൺച്ചട്ടികൾ തട്ടിപ്പൊട്ടിയാലോ?)
വാർത്തുവെച്ച വലിയ കോൺഗ്രീറ്റ് കുളത്തിന്റെ
വക്കിലിരിക്കുന്ന കൊറ്റികളിലൊന്ന്
മീൻ പിടിച്ചുകൊണ്ടേയിരിക്കുന്നു
അതിനൊരിക്കലും പരക്കാനാവില്ലല്ലോ
ഇനി ശുദ്ധജലവും വായുവും പായ്ക്കറ്റിൽ കിട്ടുമത്രേ!

സ്റ്റെല്ല മറിയ തോമസ്
അധ്യാപിക

# പരോപകാരം പ്രകൃതിയിലൂടെ

ഒരു രാത്രി
രാത്രിയുടെ ഇരുട്ടിന് കനം കൂടിയ
ഒരു രാത്രി, കേരളമെന്ന നാടിനെ
വിഴുങ്ങുവാൻ മാത്രം പോന്നവ
ശുഭദിനത്തിന് വേണ്ടി
ചുംബനങ്ങളർപ്പിച്ച ഉറക്കത്തിലേക്ക്
വീണ പിഞ്ചുകുട്ടികൾ,

ഒരു ഇടിനാദം
വെള്ളത്തിന്റെ ഇരിമ്പിൻകൂടെ
ജനങ്ങളുടെ ആർത്തിരമ്പൽ
ജീവനുവേണ്ടി, ജീവനുവേണ്ടി മാത്രം
എങ്ങോട്ടെന്നില്ലാതെ
എന്തിനെന്നറിയാതെ ഓടുന്നു

വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾ
പ്രാണജലത്തിനായി യാചിക്കുന്നു
ദൈനത്തിന്റെ സ്വന്തം നാടിനെ
ദൈനം കൈനിട്ടെന്ന തോന്നൽ
എല്ലാം തികഞ്ഞ മനുഷ്യൻ
ഒന്നുമല്ലാതെ, വെറും അസ്ഥികൂടങ്ങളായി
ദൈവത്തെ ഓർക്കാൻ, ഒരു സന്ദർഭം

സനേഹത്തോടെ നമ്മിലേക്കെത്തിയ ചാറ്റൽമഴ
ഒരിക്കൽ, അതതിന്റെ രൗദ്രഭാവം പ്രകടിപ്പിച്ചു
ചരിത്രത്തിൽ, രേഖപ്പെടുത്തേണ്ട
എക്കാലവും മനുഷ്യൻ ഓർക്കേണ്ട
ഒരു പാഠം നമുക്ക് പ്രളയം തന്നു

ജീവിതത്തിൽ സ്വരുക്കൂട്ടിയ സർട്ടിഫിക്കറ്റുകൾ
വിലപിടിച്ച രേഖകൾ, എണ്ണിതീർക്കാൻ
പറ്റാത്ത പണങ്ങൾ
വിലയില്ലാതെ, കരിയിലപോലെ
കാരുണ്യമില്ലാതെ വെള്ളത്തിലേക്ക്
ഒലിച്ചുപോകുന്ന നിമിഷങ്ങൾ
മനുഷ്യന്റെ അനാസ്ഥകൾ
പ്രകൃതിയോടുള്ള മനോഭാവം
പ്രകൃതിതന്നെ നമുക്ക് നൽകി
കൂരിരുട്ടിൽ കുറെ മനുഷ്യരൂപങ്ങൾ
പ്രാണരക്ഷാർത്ഥം ഓടുന്നു
പ്രാണൻകിട്ടിയ ആശ്വാസത്തിൽ മറ്റുള്ള
വരിൽനിന്ന് കിട്ടുന്നതിൽ ജീവിക്കുന്നവർ,
മഴയുടെ തീവ്രത മനുഷ്യന്റെ ജീവിതം
ഒട്ടാകെ മാറ്റിമറിച്ച നിമിഷങ്ങൾ
മഴവെള്ളം കുടിവെള്ളമാക്കിയവർ
മഴ.... തോരാമഴ ദുരിതത്തിലാക്കിയത
മനുഷ്യരെ മാത്രമല്ല, പക്ഷികളെ
ജന്തുക്കളെ, പ്രകൃതിയിലെ
സർവചരാചരങ്ങളെയും
ഇനി നമുക്ക് പ്രകൃതിയെ സനേഹിക്കാം
പുതിയ ജീവിതത്തെ കെട്ടിപോക്കാം

# പുലരി ഭംഗി

പുലരിയിൽ പാടുന്ന കിളിഗീതങ്ങൾ
പുലരിയെ ഉണർത്തുന്ന ഭംഗിപ്രകാശം
ഇലകൾക്കുള്ളിലൂടെ കടന്നു
വരുന്നൊരു സൂര്യപ്രകാശ മാം
നിത്യപ്രകാശം
പുലരിയിൽ പൂത്തുനിൽക്കുന്ന പൂക്കൾ
പൂമൊട്ടു പോലും വിർന്നു പോയി
പ്രഭാത ഭക്ഷണം
പുലരിയിൽ വീഴ്ത്തിയ
ആ സുഗന്ധമാം നിത്യപ്രകാശം
പുലരിയെ വാഴ്ത്തുന്ന നിത്യവെളിച്ചം
അദിമനോഹര ചിത്രഭംഗി
കിളിഗീതങ്ങളിൽ മുഴങ്ങിപ്പോയൊരു
നിത്യപ്രകാശ മാം പുലരി   ഈ പുലരി

# പ്രവൃത്തി പരിചയ വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയരൂപരേഖയും കോത്താരി കമ്മീഷൻ റിപ്പോർട്ടും വിഭാവന ചെയ്യുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സാമാന്യ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനവും എന്ന തത്വത്തിൽ ആരംഭിച്ചതാണ് സ്കൂൾ പ്രവൃത്തി പരിചയ പരിപാടി.

പുസ്തക കേന്ദ്രീകൃതവും ഔപചാരിക പരീക്ഷകളിൽ ഒതുങ്ങി നിൽക്കുന്നതുമായ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം വിദ്യാസമ്പന്നറിൽ രൂക്ഷമായ തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് നയിച്ചു കൊണ്ടിരിക്കുന്നു. കലോചിതമായ വിദ്യാഭ്യാസ പരിഷ്കരണങ്ങളും തൊഴിതധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ഇത്തരുണത്തിൽ പ്രത്യേക പരിഗണനയർഹിക്കുന്നു.

വിദ്യാർത്ഥികളുടെല വിജ്ഞാനവും കരവിരുത്തും വളർത്തിയെടുത്ത് ക്രിയാത്മക പ്രവർത്ത നങ്ങളിലൂടെ തിരിച്ചുവിട്ട് വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ തൊഴിലിനോട് ആഭിമുഖ്യം വളർത്തുകയും

ഏതെങ്കിലും ഒരു തൊഴിൽ ചെയ്യുന്നതിനുവേണ്ട പ്രാഥമിക അറിവ് പകർന്നു കൊടുക്കുകയും ചെയ്യുന്നതോടൊപ്പം തൊഴിലിന്റെ മാഹാത്മ്യത്തെപ്പറ്റി ബോധവാന്മാരാക്കി തൊഴിൽ ചെയ്യുന്നവരോട് ബഹുമാനമുള്ളവരായിരിക്കാൻ പരിശീലനം കൊടുക്കുകയും ചെയ്യുക എന്നതാണ് സ്കൂൾ പ്രവൃത്തി പരിചയത്തിന്റെ പരമമായ ലക്ഷ്യം.

പ്രവർത്തി പരിചയ പരിപാടിയുടെ സമഗ്രമായ പ്രചാരണത്തിനും പരിപാടിയോട് വിദ്യാർത്ഥികൾക്കുള്ള സമീപനം ഊർജ്ജിത പ്പെടുത്താനും സമർത്ഥരായ കുട്ടികൾക്ക് പ്രചോദനം നൽകാനും വിദ്യാഭ്യാസ ഉപജില്ല, വിദ്യാഭ്യാസ ജില്ല, സംസ്ഥാന തലങ്ങളിൽ മേളകളും തത്സമയ നിർമ്മാണ മത്സരങ്ങളും പ്രദർശന മത്സരങ്ങളും സെമിനാറുകളും ഉൾപ്പെടുത്തി എല്ലാവർഷവും മേളകൾ സംഘടിപ്പിച്ചു വരുന്നു.

നിർമല. വിഎൻ

# പ്രളയം



അടിച്ചുകയറിയ
വെള്ളപ്പാച്ചിലിൽ
മുറ്റത്തോർമകൾ
വിതറിയമണ്ണ്
നിറഞ്ഞൊഴുകി
എന്തുച്ചെണമെന്ന
റിയാതെ
മാനുഷബന്ധങ്ങൾ
മുറിഞ്ഞു ഒഴുകി
വലക്കണ്ണികൾ
അടർന്നുപോയത്
വ്യഥകളാൽ കുതിർന്ന
പ്രതീക്ഷകൾ...
ജാതിമതമെന്നുനോക്കാതെ
ജീവൻ നൽകി രക്ഷിച്ചവർ
എത്ര പേരുണ്ടെന്നറിയാമോമാനുഷമേ.....
ആർത്തിരമ്പിയ നിലവിളികൾക്കിടയിൽ
കേട്ടു നിൻ സ്വരം
നിശ്ചലമായ നിന്നിൽ കൺമറഞ്ഞുപ്പോയി ഞാൻ
വീശി പറത്തിയ കാറ്റിൽ കിനാവുകൾ
കണ്ട കണ്ണിനെ കരിയിപ്പിച്ചു നീ......
കുടുംബമേ വിട, രാജ്യമേ വിട, സമ്പാദ്യമേ വിട
അങ്ങനെ എത്ര പേരുണ്ടോ ദൈവമേ.....
നിൻ പക്കൽ സന്തോഷമായി......

# മകനോട്

മകനേ, നീ അറിയുക
നടിക്കും ലോകത്തിനെ
സോദരനെ ഒറ്റും മനുഷ്യനെ
പൊള്ളയാം ചിരിയുടെ
പിന്നിലെ രക്തചുവപ്പിനെ....
മകനേ, നീ കാണുക
വർണങ്ങളെ, കറുപ്പിനെ, വെളുപ്പിനെ.
മകനേ, നീ കൊള്ളുക നന്മയെ
തള്ളുക  തിന്മയെ
അറിയുക നേരിനെ,
വെടിയുക പാപത്തെ.
കാണുക, അറിയുക, കേൾക്കുക
മകനേ, നീ കണ്ണുനീരാം സ്നേഹത്തെ.
നോക്കിലും വാക്കിലും ചിന്തയിലും
നന്മവിരുന്നു മാത്രം നീയൂട്ടുക.
തെളിക്കുക നേരിന്റെ
ഒരു പൊൻ തരി വെട്ടമെങ്കിലും....

റീഷ.പി
അധ്യാപിക

# എന്റെ അമ്മ

കിങ്ങിണി കാട്ടിലെ താമസക്കാരനാണ് മിന്നു മുയലമ്മ അവൾക്ക് രണ്ട് മക്കളുണ്ട് ഒന്നാമൻ മീനുവും രണ്ടാമൻ ചിന്നുവും. മീനുവിന് അമ്മയോട് ഒരു സ്നേഹവുമില്ലായിരുന്നു .മറിച്ച് ചിന്നുവിന് അമ്മയോട് നല്ല സ്നേബഹമായിരിന്നു.ഒരു ദിവസം ചിന്നുവും അമ്മയും തിറ്റതേടാൻ പോവുകയായിരിന്നു വഴിയിൽ നിന്ന് മീനുവിനെ കണ്ടു അവൻ കളിച്ചു നടക്കുകയായിരുന്നു അപ്പോൾ മീന്നുമുയലമ്മ പറഞ്ഞു



മിന്നു :മോനെ..മീനു കളിച്ച് നടക്കുന്ന സമയം കൊണ്ട് നിനക്ക് ഞങ്ങളുടെ കൂടെ തീറ്റതേടാൻ വന്നു കൂടെ

മീനു :അയ്യ ഞാനില്ല വല്ല മുള്ളുലോ കാലു കൊണ്ടാൽ മുറിവ് പറ്റും

ചിന്നു :അവന് വലിയ ജാഡയാണ് അമ്മേ ഞാൻ സഹായിക്കാം

എന്നു പറഞ്ഞ് ചിന്നു അമ്മയുടെ കൂടെ പോയി കുറെ കയിഞ്ഞപ്പോൾ തീറ്റ കിട്ടി മിന്നുവും ചിന്നുവും അവിടെ നിന്ന്

കയിച്ച മീനു വിനുള്ള പങ്ക്അവിടെ നിന്ന് എടുത്ത് കൊണ്ടു പോയി വഴിയിൽ നിന്ന് മീനുവിനെ കണ്ടപ്പോൾ അത് അവന് കൊടുത്തു മുവരും വീട്ടിലേക്ക് പോയി പിറ്റേന്ന് മീന്നുവിന് വല്ലാത്ത പനി അപ്പോൾ മിന്നു പറഞ്ഞു

മിന്നു :മക്കളെ ഇന്ന് അമ്മയ്ക്ക് വല്ലാത്ത സുഖമില്ല നിങ്ങളിലൊരാൾ പോയി അമ്മയ്ക്ക് തീറ്റ കൊണ്ടുവാ ഞാൻ ഇവിടെ ഇരിക്കാം

മീനു :ഞാൻ അമ്മയെയും നോക്കി ഇവിടെ ഇരിക പോയി ആഹാരം കൊണ്ടുവാ

ചിന്നു : ശരി ഞാൻ കൊണ്ടു തരാം

ചിന്നു പോയതക്കം നോക്കി മീനു സ്ഥലം വിട്ടു ചിന്നു വരുന്നത് വൈകുന്നേരമാണ് അതുവരെ ഇവിടെയിരുന്നു കളിക്കാം വൈകുന്നേരമായപ്പോൾ വീട്ടിലെത്തി .രാത്രി ഭക്ഷണം എല്ലാം കഴിഞ്ഞ് കിടന്നു. പിറ്റേന്ന് മിന്നു വിന്റെ അസുഖം മാറി മീനുവും ചിന്നുവും തീറ്റതേടാൻ പ്പോയി മീനു അവിടെ നിന്ന് കളിച്ച മീനു ഓടിച്ചാടി കളിച്ചുനടന്നു അപ്പോൾ ഒരു കുഴിയിൽ വീണു പോയി രക്ഷിക്കാൻ അരും വരില്ല എന്നറിഞ്ഞ മീനു അവിടെ ഇരുന്നു വൈകുന്നേരം ആയപ്പോൾ മിന്നുവും ചിന്നുവും വന്നപ്പോൾ മീനുവിന്റെ കരച്ചിൽ പോയപ്പോളാണ് ഈകാഴ്ച്ച കണ്ടപ്പോൾ അവനെ എങ്ങനെയോരക്ഷപ്പെടുത്തി അപ്പോൾ മിന്നു പറഞ്ഞു

മിന്നു :മോനെ അമ്മ പറഞ്ഞത് കേൾക്കാഞ്ഞിട്ടല്ലെ ഇങ്ങനെ പറ്റിയത്

മീനു :ക്ഷമിക്കമ്മേ ഇനി ഞാൻ അമ്മ പറയുന്നതേ കേൾക്കു ഞാൻ ഇനി നന്നായിക്കൊള്ളാം

# മഴതേടി

പക്ഷികളുടെ ദാഹമകറ്റാൻ ഓടിവരുന്ന മഴയേ
കുട്ടികളുടെ നവകുടകളിൽ വീഴുന്ന ചാറ്റൽ മഴയേ..

പേമാരിയോടൊത്ത് നൃത്തം വെച്ച് വരുന്ന നൃത്ത
മഴയേ

വേനലിൽ പ്രകൃതിയുടെ വരണ്ട തൊണ്ടയെ
നനയ്കാൻ വരുന്ന ദാഹമാറ്റി മഴയേ

മാനത്തെ കുളിർപ്പിക്കാൻ ഇടിയോടൊപ്പം വരുന്ന
കുളിർ മഴയേ

നിന്റെ വരവു കാത്തിതാ ഞങ്ങൾ ജനങ്ങൾ അമല
ജലത്തിനായി തേടുന്നു നിന്റെ അവസാനത്തിൽ മുഖം
വിടകത്താനിരിക്കുന്ന വർണ്ണപുശ്പങ്ങൾ
വേഴാമ്പലിന്റെ പ്രതീക്ഷയായി
നീമാറിയിരിക്കുകയാണ് വർഷമേ....

നീ വന്ന് ഞങ്ങൾക്ക് അമല ജലം തരുമെന്ന
പ്രതീക്ഷയിലാണ് നമ്മൾ ഇനിയും നിന്നെ
പ്രതീക്ഷിക്കുന്നു ഇനിയും നിന്നെ തേടി

# സൗഹൃദം

ഓർമ്മകൾ ഓതും വഴിയിൽ
ഈ നല്ല കാലം ചിറകിൽ
ഓർമ്മകൾ നെയ്യും ഈ
ചുമരുകളായി........
ഞങ്ങൾ ഈ ഞങ്ങൾ
ഞങ്ങൾ ഈ ഞങ്ങൾ.....
കൊച്ചു കൊച്ചു കഥകൾ
നെയ്യാൻ.....
ഞങ്ങൾ ഈ ഞങ്ങൾ...
ഒരുമിക്കുമോ......
ഞങ്ങൾ ഇനി ഒരുമിക്കുമോ...?
അതിരുകളില്ലാ സൗഹൃദം
ഈ മനസ്സിൻ ഉള്ളിൽ
കൗതുകം.
മറക്കില്ല ഞങ്ങൾ ഇനി
ഒരു നാളും....
ഓരുമ്മിക്കുവാനായി തന്ന
ഒരു സൗഹൃദം......
മറക്കില്ല ഞങ്ങൾ ഈ സൗഹൃദകാലം.....
ഓർക്കാൻ കൊതിച്ചു ഈ
സൗഹൃദങ്ങൾ....
ഓർക്കാതെ പോയ ആ...

നൊമ്പരങ്ങൾ....
ഞങ്ങൾക്കിടയിൽ ഈ
ഞങ്ങൾക്കിടയിൽ.....(2)
സ്നേഹം വിരിയും മൊട്ടായി.
പ്രണയം വിരിയും പൂവായീ....
കൊഴിയും ഇലകൾ നൊമ്പരമായി..
പോകുന്നു ഞങ്ങൾ പോകുന്നു...
പോകുന്നു ഞങ്ങൾ പോകുന്നു...
തിരിച്ചെത്തുമോ... ഞങ്ങൾ
ഇനി തിരിച്ചെത്തുമോ...
സ്നേഹം നിറഞ്ഞ ഈ
കലാലയത്തിൽ.....(2)

ഐശ്വര്യ,10A



# "മേക്കർ മൈൻഡ് 2k19"

കൊടുവള്ളി ഗവ ഹയ്യർസെക്കന്ററി സ്കൂളിലെ അടൽ ടിങ്കറിങ്ങ് ലാബിൽ വെച്ച് 16, 17 തീയ്യതികളിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി നടന്ന ദ്വിദിന റോബോട്ടിസ്, ഇലക്ട്രോണിക്സ് ക്യാമ്പ് ''മേക്കർ മൈൻഡ് 2k19'' വളരെ വിജയകരമായ രീതിയിൽ നടന്നു. താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ നിന്നുള്ള 32 സ്കൂളിലെ വിദ്യാർത്ഥികൾക്കാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്. ഓരോ വിദ്യാലയത്തിൽ നിന്നും ഹയ്യർസെക്കന്ററി, ഹൈസ്കൂൾ, യുപി തലത്തിലായി 2 കുട്ടികൾ വീതം അടങ്ങുന്ന ടീമായിട്ടാണ് ഈ ക്യാമ്പിൽ പങ്കെടുത്തത്. കൊടുവള്ളി സ്കൂളിലെ അടൽ ടിങ്കറിങ്ങ് ലാബ്, മറ്റു വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും അവസരം നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്. യുപിയിൽ നിന്നും 16 ടീമുകളും, ഹൈസ്കൂളിൽ നിന്നും 8 ടീമുകളും, ഹയ്യർസെക്കന്ററിൽ നിന്നും 3 ടീമുകളും ക്യാമ്പിൽ പങ്കെടുത്തു. ലാബിന്റെ വെന്റർമാരായ എജ്യൂട്ടക്ക് റോട്ടക് കമ്പനിയുടെ ട്രൈനർമാരാണ് ക്ലാസിന് നേതൃത്വം നൽകിയത്. ആദ്യദിവസം ഉദ്ഘാടന ചടങ്ങിൽ പ്രിൻസിപാൾ അബ്ദുൽ മജീദ് സ്വാഗതവും പിടിഎ പ്രസിഡണ്ട് അധ്യക്ഷസ്ഥാനവും വഹിച്ചു .NIT യിലെ ഫിസിക്സ് ഡിപാർട്ട് മെന്റിലെ പ്രഫ. ചന്ദ്രശേഖരൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ വാസുദേവൻ അതിഥികൾക്ക് ലാബിനെ പരിചയപ്പെടുത്തി. ഹയർസെക്കന്ററി സീനിയർ

അസിസ്റ്റന്റ് വിജയൻ ഹൈസ്കൂൾ ഡപ്യൂട്ടി എച്ച്.എം ഇ സി മുഹമ്മദ്, പി ടി എക്സിക്യൂട്ടിവ് അംഗം അഷ്റഫ്, സ്റ്റാഫ് സെക്രട്ടറിമാരായ നസീം, വൽസൻ എന്നിവർ ആശംസകൾ നേർന്നു. അടൽ ഇൻ ചാർജ് ഫിർദൗസ് ബാനു നന്ദിയും പറഞ്ഞു. ആദ്യ ദിവസം വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ്, ഇലക്ട്രോണിക്സ് പരിശീലനമാണ് നൽകിയത്. ഇതിന് Edutec ട്രെയ്നർ മാരായ ആകാശ്,സവാദ്, റിയാസ്, ശ്രീജിഷ എന്നിവർ നേതൃത്വം നൽകി. ആദ്യദിവസം തന്നെ വിദ്യാർത്ഥികൾ സ്വന്തമായി ഇന്നൊവീറ്റായ പല വർക്കിങ്ങ് മോഡലുകളും തയ്യാറാക്കി. കുട്ടികളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഭാവനകളും കഴിവുകളും പുറത്ത് കൊണ്ടുവരുന്ന ഒരു അവസരമായിരുന്നു ഈ ക്യാമ്പ്.

രണ്ടാം ദിവസം ഓരോ കാറ്റഗറിയിൽ നിന്നും മൂന്ന് ടീമിനെ അവരുടെ സൃഷ്ടികൾവിലയിരുത്തി തിരഞ്ഞെടുത്തു.അതിന് ശേഷം അവർക്ക് പുതിയ മത്സരം ആരംഭിച്ചു.അതിൽ യു പി വിഭാഗത്തിൽ കെമൊ ഹൈസ്കൂളിലെ ശാദിൻ ഇദാസൻ,അദിദേവ്.ഹൈസക്കഡറി വിഭാഗത്തിൽ ജി എച്ച്സ് കരുവൻപൊയിൽ സ്കൂളിലെ മുഹമ്മദ് ഫസീഹ്,ഹുദൈഫ്.എച്ച് സ് സ് ടി വിഭാഗത്തിൽ ചക്കാലക്കൽ എച്ചസ് സ്കൂളിലെമുഹമ്മദ് സാബിത്ത്,അൻസൽ ഫാരിസ്.ഒന്നാം സ്ഥാനം കരസ്ഥമാക്കി.കുട്ടികൾക്ക് രണ്ട് ദിവസവും ഭക്ഷണ സൗകര്യവും സ്കൂളിൽ ഏർപ്പെടുത്തി. നാലര മണിക്ക് നടന്ന സമാപന സമ്മേളനം ഹെഡ്മാസ്റ്റർ ഉദ്ഘാടനം

ചെയ്തു.

പി ടി എ പ്രസിഡണ്ട് മുഹമ്മദ് കുണ്ടുങ്ങര അധ്യക്ഷനായിരുന്നു. കൊടുവള്ളി മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ശരീഫ കണ്ണാടിപ്പൊയിൽ ഉദ്ഘാടനം ചെയ്തു. മുൻസിപ്പാലിറ്റി കൗൺ സിലർ ശിവദാസൻ വിദ്യാർത്ഥികൾക്ക് എക്സലൻസി സർട്ടിഫിക്കറ്റ് നൽകി.പ്രിൻപ്പിൾ അബ്ദുൽ മജീദ് എല്ലാ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് നൽകി.പി ടിഎ പ്രസിഡണ്ട് സുനി,പി ടി എ എക്സികൃൂട്ടി അംഗം സജ്ന, എന്നിവർ പ്രസംഗിച്ചു.അടൽ ഇൻ ചാർജ് മുഹമ്മദ് ബഷീർ നന്ദിയും പറഞ്ഞു.വിജയികളായ വിദ്യാർത്ഥികൾക്ക് ഫെബ്രുവരിയിൽ കോഴിക്കോട് കാലിക്കറ്റ് ഗേൾസിൽ വെച്ച് നടക്കുന്ന ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.

ഫോട്ടോയിലൂടെ.............







CHAMPIONSHIP







# എന്റെ യാത്ര

എന്റെ പത്താംക്ലാസിലെ ഏറ്റവും നല്ല ഒരു യാത്രയിരുന്നു ഇത്. മാത്രവുമല്ല എൻറെ ഈ സ്കൂളിലെ അവസാന യാത്രയും. അത് ഭംഗിയായിത്തന്നെ നടന്നു. 16-11-2018 വെള്ളിയാഴ്ച രാത്രി 9.45 നാണ് ഞങ്ങൾ യാത്രതിരിച്ചത്. തിരുവനന്തപുരം കന്യാകുമാരിയിലേക്ക് ആയിരുന്നു യാത്ര .രണ്ടുദിവസത്തെ യാത്രയായിരുന്നു അത്. ഞങ്ങൾ പത്താംക്ലാസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. യാത്ര പോകുന്നതിനുമുമ്പായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എല്ലാം സർ പറഞ്ഞുതന്നിരുന്നു. 2 ബസ്സിൽ ആയാണ് യാത്രപോയത്. ബസിൽ കയറി കുറച്ചു കഴിഞ്ഞതും പാട്ടുവച്ചു. എല്ലാവരും ഡാൻസ് കളിച്ചു അടിച്ചുപൊളിച്ചു. പിന്നെ കുറച്ചു കഴിഞ്ഞതും അവരവർ കൊണ്ടുവന്ന പലഹാരങ്ങൾ പുറത്തെടുത്തു. എല്ലാവരും പങ്കുവച്ചു കഴിച്ചു. അൽപസമയം കഴിഞ്ഞ് സിനിമയിട്ടു. അത് പകുതിയോളം കണ്ടു. പിന്നീട് കുറച്ചു ഉറങ്ങുകയും ചെയ്തു. ഒന്ന് രണ്ടു സ്ഥലങ്ങളിൽ ബാത്റൂമിൽ പോകാൻ വേണ്ടി വണ്ടി നിർത്തി . അതുകൊണ്ടുതന്നെ വൈകിയാണ് തിരുവനന്തപുരത്ത് എത്താൻ കഴിഞ്ഞത്.

രാവിലെ 7 ന് 45 നു തിരുവനന്തപുരത്ത് ഒരു സ്കൂൾ ഹോസ്റ്റലിൽ എത്തി. അവിടന്നാണ് ഫ്രഷ് ആയത്. ഭക്ഷണവും അവിടുന്നുതന്നെ. കുറച്ചു കഴിഞ്ഞപ്പോഴാണ് അവിടെ ഹർത്താലാണെന്ന് പറഞ്ഞു. എന്നാൽ ഞങ്ങളുടെ യാത്ര തുടർന്നു. ആദ്യമായി പോയത് ഐഎസ്ആർഒ യിലേക്കാണ്. അവിടെ എത്തിയപ്പോഴാണ്

അറിയുന്നത് അവിടെ എന്തോ പ്രശ്നം കാരണം പ്രവേശനം നിഷേധിച്ചതാണ്. അതുകൊണ്ട് ഞങ്ങൾ മൃഗശാലയിലേക്ക് പോയി. ഞങ്ങൾക്കെല്ലാവർക്കും സാറൊരു നീല തൊപ്പി തന്നിരുന്നു. കൂട്ടംതെറ്റി പോകാതിരിക്കാനും കൂട്ടത്തിലുള്ള ആളെ പെട്ടെന്ന് തിരിച്ചറിയാനുമായിരുന്നു അത് തന്നത്. മൃഗശാലയിലേക്ക് ഫോൺ എടുക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. അഥവാ എടുക്കുകയാണെങ്കിൽ 10 രൂപ കൊടുക്കണം. ഫോൺ എടുക്കാത്തതിനാൽ ഫോട്ടോ എടുക്കാൻ കഴിഞ്ഞില്ല. ആ മൃഗശാല കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. ഞങ്ങളെല്ലാവരും ഒരുമിച്ചായിരുന്നു നടന്നിരുന്നത്. മൃഗശാല കഴിഞ്ഞ് ഞങ്ങൾ പോയത് നിയമസഭയിലേക്ക് ആണ്.നിയമസഭയുടെ ഉള്ളിലേക്ക് കയറിയതും ഒരു കൊട്ടാരത്തിനകത്തേക്ക് കയറിയതു പോലെ തോന്നി.. അതിന് നല്ല വലിപ്പമുണ്ടായിരുന്നു. അവിടെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഒരാൾ ഞങ്ങൾക്ക് അവിടുത്തെ കാര്യങ്ങളെക്കുറിച്ചെല്ലാം പറഞ്ഞുതന്നു മന്ത്രിമാരുടെ സ്ഥാനം മെമ്പർമാർ ഇരിക്കുന്ന സ്ഥലം വോട്ട് ചെയ്യുന്ന രീതി, സഭ എത്ര നേരം വരെ ഉണ്ടാകും തുടങ്ങിയവയെക്കുറിച്ചെല്ലാം അവർ പറഞ്ഞുതന്നു. പിന്നെ ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാനായി നേരത്തെ അടുത്ത സ്ഥലത്തേക്ക് പോയി.

ഭക്ഷണം കഴിച്ചതിനു ശേഷം ഞങ്ങൾ പത്മനാഭസ്വാമി ക്ഷേത്രത്തിലേക്ക് പോയി. പ്രവേശിക്കണമെങ്കിൽ പുരുഷന്മാരും സ്ത്രീകളും മുണ്ടുടുക്കണം. ഞാനും എന്റെ കൂട്ടുകാരും മിഡി ആയിരുന്നു ഉടുത്തിരുന്നത്. അതുകൊണ്ട് മാറ്റേണ്ടആവശ്യം ഉണ്ടായില്ല. ഞാൻ അമ്പലത്തിൽ കയറി. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ടീച്ചറും അമ്പലത്തിൽ കയറിയിരുന്നു .കുറച്ചു കുട്ടികളും കൂടെ കയറിയിരുന്നു. അതിൽനിന്നും പ്രാർത്ഥിച്ച മനസിന് ഒരാശ്വാസം കിട്ടി.6 മണിക്ക്

ഞങ്ങൾ കോവളം ബീച്ചിൽ എത്തുന്നു. അവിടുന്ന് പിന്നെ ഏഴ് മണിക്കാണ് ഞങ്ങൾ വണ്ടി തിരിച്ചത്.
കന്യാകുമാരിയിൽ 11.10 ന് ഞങ്ങളെത്തി അവിടെ ഞങ്ങൾ ഒരു ഹോട്ടലിൽ മുറിയെടുത്തു. വിസ്മയ ,ദിൽന,നന്ദന,അഞ്ജലി പിന്നെ ഞാനും. ഞങ്ങൾ ഒരേ മുറിയിലാണ് കിടന്നത്. ശേഷം ഭക്ഷണം കഴിച്ചു പിന്നെ ഞങ്ങളെല്ലാം ഉറങ്ങാൻ കിടന്നു. രാവിലെ നാല് അമ്പതിന് ഞങ്ങളെല്ലാവരും സൂര്യോദയം കാണാനായി എഴുന്നേറ്റു.
സൂര്യോദയം കഴിഞ്ഞ് 8 30 ന് ഞങ്ങളെല്ലാവരും ഭക്ഷണം കഴിച്ചു. 9 30 ഞങ്ങളെല്ലാവരും ബോട്ടിങ്ങിന് പോയി. വലിയ റെയിൽവേ പാലം പോലെ നീണ്ടു കിടക്കുന്ന വരിയായിരുന്നു ഉണ്ടായിരുന്നത്. എങ്കിലും എങ്ങനെയോ ഒടുവിൽ ഒരു ബോട്ടിങ്ങിന് പോയി. കടലിന്റെനടുക്കായി വിവേകാനന്ദപ്പാറയിൽ എത്തി. അവിടുന്ന് ഞങ്ങൾ ഫോട്ടോ എടുത്തതിനുശേഷം ഷോപ്പിങ്ങിനു പോയി. ഷോപ്പിങ് കഴിഞ്ഞ രണ്ടു മണിക്കാണ് തിരിച്ച് റൂമിലെത്തിയത് അവിടുന്ന് ഉച്ച ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ നേരെ ബീമ പള്ളിയിലേക്കാണ് പോയത്. അവിടെ 7 മണിക്ക് എത്തി. അവിടെന്നും ഷോപ്പിംഗ് ഉണ്ടായിരുന്നു പള്ളിയുടെ അടുത്തു നിന്നും ഭക്ഷണം ഉണ്ടാക്കി കഴിച്ചു. രാത്രി ഒൻപത് മുപ്പതോടെ കൂടി ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു. ബസിൽ പാട്ടൊക്കെ വെച്ചിരുന്നു. ക്ഷീണം കാരണം എല്ലാവരും ഉറങ്ങി. രാവിലെ 8 30 ഓടുകൂടി സ്കൂളിൽ എത്തുകയും അവിടുന്ന് അച്ഛൻ വന്ന് എന്നെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു.
എൻറെ അനുഭവത്തിൽ ഒരു നല്ല റ്റൂറായിരുന്നു ഇത്. മറക്കാൻ പറ്റാത്ത ഓർമ്മയായി എൻറെ മനസ്സിലുണ്ടാകട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ ടൂർ പോകാൻ കാരണമായ ടീച്ചറിനെയും ടൂർ മനോഹരമാക്കി തീർത്ത കൂട്ടുകാരോടും ഞാൻ നന്ദി അറിയിക്കുന്നു


നന്ദന എസ് കെ

# ഭിന്നശേഷി

ഡിസംബർ 3 ലോക ഭിന്നശേഷി ദിനം
നവംബർ 27 മുതൽ ഡിസംബർ 3 വരെലോക ഭിന്നശേഷി ദിനമായി ഒരായുക്കാലം ആചരിക്കുന്നു
1995 ൽഭിന്നശേഷി കുട്ടികൾക്കായി ഒരു സംഘടന P W D Act (Person with Disability Act) സ്ഥാപിച്ചു
7 രോഗങ്ങൾ ഇതിലുൾപ്പെടുത്തി എന്നാൽ 2016 ലെ പുതുക്കിയ Act പ്രകാരം 14 രോഗങ്ങൾ കൂടെ ഉൾപ്പെടുത്തി

നിലവിൽ 21 രോഗങ്ങൾ ആണ് P W D Act ൽ ഇപ്പോൾ

ഉള്ളവൈകല്യങ്ങൾ
ജന്മനാഉള്ളവൈകല്യം
അപകടങ്ങളിലൂടെയുള്ളവൈകല്യം




## വൈക്കം വിജയലക്ഷ്മി

ഒക്ടോബർ 7 ന് ജനിച്ച വൈക്കം വിജയലക്ഷ്മി കേരളത്തിൽ നിന്നുള്ള പിന്നണി ഗായികയാണ്

"Life is like riding a bicycle. To keep your balance, you must keep moving."

-Albert Einstein

ജീവിതം ഒരു സൈക്കിൾ സവാരി പോലെയാണ്. നിങ്ങളുടെ തുലശക്തി നിലനിർത്താൻ, നിങ്ങൾ ചലിക്കുന്നത് തുടരണം."

-ആൽബേർട്ട് ഐൻസ്റ്റിൻ

# 2018

ചിന്തകളുടെയും കർമ്മങ്ങളുടെയും സാക്ഷ്യമാണ് ഓരോ ദിനങ്ങളും. കടന്നു പോകുന്ന ദിനങ്ങൾ ആ ചിന്തകളുടെ കണക്കെടുപ്പ് കൂടിയാണ്. നന്മയുടെയും സത്യത്തിന്റെയും സാക്ഷികളാകാൻ പ്രാപ്തി നൽകുന്നത് എപ്പോഴും നല്ല ചിന്തകളാണ്.

അത്തരം ചിന്തകൾ ഉത്ഭവം കൊള്ളുന്നത് നല്ല വായനകളിൽ നിന്നാണ്. നഷ്ട ബോധങ്ങളുടെയും ലാഭചേതങ്ങളുടെയും കണക്കുകളുമായി ആരോഗ്യവും ആയുസ്സും സമയവും മാഞ്ഞും മറഞ്ഞും കൊണ്ടേയിരിക്കുന്നു. എന്തു കൊടുത്താലും പകരം തിരിച്ചുതരാനാവാത്ത സമയം നീങ്ങി നിങ്ങി പോകുമ്പോൾ ആയുസ്സിൽ നിന്ന് ഒരല്പം കൂടി കുറഞ്ഞുവെന്നും ജീവിതയാത്രയുടെ ദൂരം താണ്ടാൻ ഇനി അധികമൊന്നും ഇല്ലെന്നുമുള്ള മുന്നറിയിപ്പുകൂടി നമ്മിലേക്ക് വരുകയാണ്.

ഹവ്വ ഇബ്റാഹിം
10 A

# [عَمَّ ثَنَاء]

## عَمَّ ثَنَاءِهَدْيِ الْقُرْآنِ ضَواحِيَ مَكَّة وَيُعْلَا

عَلَيْهِ وَهُمْ تَرَوْا فِي الظُّلَمِ ضَوْءًا عَلَيْهِ عَلَا
عَمَّ ثَنَاءهَدْيِ الْقُرآنِ ضَواحِيَ مَكَّة وَيُعْلَا

بَنَى الرَّسُولُ الْمُصْطَفَى دِينًا
جَمِيلَ حُسْنِ الْكِتَابِ مَتْنًا
كَمَالَ وَحْدٍ نَمَاءَ زُهْدٍ
أَلَّفَهُمْ جَمْعَا - [عَمَّ ثَنَاء]

# Angel

Angel, I am waiting for you........
to wipe out
my tears
my pains
my despair and
my sorrows
From my heart........

Oh, Angel, can you hear me,
I can waiting for you......
to light a lamp of
love,
kindness,
peace,
sympathy and
courage
Then only I can spread it
through the world.

Reesha.P,Teacher

# तितली और बेटी



तितली रानी आ जा
तितली रानी आ जा
मेरे बगीचे में.....अपने बगीचे में

रंग बिरंगे पंख उठाकर आ जा
रंग बिरंगे फूल खिले हे आजा
तितली रानी आ जा  तितली रानी आ जा
मेरे बगीचे में अपने बगीचे में

तुम्हे देख के फूल मुस्काते है

कलियआँ देखो सिर हिलाती हे
मेरे बगीचे में.....अपने बगीचे में

मधू पीने को जलदी है तु आजा
मेरा मन ललचाते है तु आजा
तितली रानी आ जा  तितली रानी आ जा
मेरे बगीचे में अपने बगीचे में
मेरे संग खेलने को तू आजा
मेरे मन बहलाने
तितली रानी आ जा  तितली रानी आ जा **मेरे बगीचे में अपने बगीचे में**

**संतोश अध्यापक**

"Live as if you were to die tomorrow. Learn as if you were to live forever."
-Mahatma Gandhi

"നിങ്ങൾ നാളെ മരിക്കുമെന്നപോലെ ജീവിക്കുക. നിങ്ങൾ എന്നേക്കും ജീവിച്ചിരിക്കേണ്ടതു പോലെ പഠിക്കുക"
-മഹാത്മാ ഗാന്ധി

## تَـبَادَرَ الـضَّـوْضَاءُ سَـمَا سَـمَا بَـيْـنَ الْـوَرَى

تَـغَادَرَ الْـخَـيْـرَاتِ مَـحَا مَـحَا عَـنِ الْجَوَى ـ ٢

تَـنَاوَمَ ـ تَـنَاوَمَ الْأَخْـيَارُ بِـسَـدِّهَا مِـنَّا

تَـلَاوَمَ الْأَكْـبَادُ رَدًّا عَـلَـيْـنَا

وَهَلْ لَـنَا فِـتْـيَانٌ حَـدِّهَا هِـنَا [تبادر

هَـدِّمُوا ثِـيَابَ شُـهْـرَةٍ بِـقَـوْمِـنَا بِـمَا

صَـيَّـرُوا هَـدَفَـهُمْ لِـنَـيْـلِ كُـلِّ مَا هَـوَى

أَسْـبِـغُوا جُـهْـدَكُمْ لِـلـسَّـنَا عَلَى الْأَنَامْ

نَـوِّرُوا بِـنُـورِ قُـرْآنِـنَا بِـتَـمَامْ ـ ٢

لَـنَا لَـنَا ـ لَـنَاغَـدًاجَـنَّاتُ الْـخُـلْـدِ دَوِيـمَا

وَهَاهُـنَاجِـوَاءُ الْـبِـرِّ قَـوِيـمَا

فِـنَا بِـنَا لَـمْـعَـةُ الـدُّرِّ مُـدِيـمًا [تبادر

قُبْلَةُ الْحَلِيمِ مُحَدَّدٌ بِأَدَبِهِ

ذَخِيرَةٌ نَفِيسَةٌ لِمِنْ أَفَادَهَا بِهِ

سَيْطَرَة وَمَيْسَرَة فَجَرَةٌ بِمَابِهَا

عَدَمُهَا حِكْمَةٌ خَيِّرُوا بِذَاتِكُمْ ـ ٢

لَنَا لَنَا ـ لَنَا بِنَا أَرْوَاحُ الْبِرِّ وَالْغِنَى

وَعُوا مِنَّا رِضْوَانُ اللّٰهِ عَلَيْنَا

فَلَاحُنَا مَأْتِيٌّ مِنْ إِلَاهِنَا [تبادر]

".If you want to shine like a sun, first burn like a sun"

A. P. J. Abdul Kalam-

ഒരു സൂര്യനെപ്പോലെ പ്രകാശിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ "

"ആദ്യം സൂര്യനെപ്പോലെ കത്തിജ്ജ്വലിക്കുക

എ. പി. ജെ അബ്ദുൾകലാം-

# अध्यापक दिन

हमारा ज़िदगी का एक मूल्य कथापात्र है अध्यापक. हम सपटम्पर पाँच को अध्यापक दिन मनाती है. बच्चों अध्यापक सब मिलकर मनाती है. बच्चों अध्यापक कौ सम्मान देती है और उनकौ खुश करते है.सब मिलकर मनाती है.

अध्यापक हमे हमारे ज़िंगी मैं सबके लिए मोका देती है. हमारा ज़िंदगी को रोशनी भनाती है. अध्यापक के बिना बच्चों ज़िंगी कुछ नही है.

ज़िगी को अच्छा और सुंदर बनानेका तरिस्वा हमे अध्यापक बनाती है.

सबको ज़िंदगी में एक नई सोज और एक नई रास्ता दिकाती है. यह अध्यापक दिन हम एस राथाक्रशणन के जन्म दिन हम अध्यापक दिन मनाती है. उसने कई मोगल में काम करता था. फिर भी उसमें उसको
पसंथ का काम अध्यापक का है. क्यों की अध्यापक का मतलब उतनी अच्छी हे. अध्यापक हमें एक उन्मीत स्तार पर पहूँचाती है. ज़ंदगों में जान प्रापत करने का एक बडा सा पंग है. इस लिए सब अध्यापक को हमारे ज़िंदगी में उतती स्तान होना चाहिए. उनको बहुमान करना चाहिए.

# <u>हम भूमी सुंदर भूमी</u>

निकलना तारा सुंदर धरती है
हे नीला खतरी से आसमान
रंग पीरंग का धरती ने हम
एक सुंदर धरती है

भूमी माता की बच्चों में हम
हम माता धरती हम वरतान है
चीलु बुला चिडियाँ नीला
आसमान उडना हैं

वीवीत जाती मत संसकार व्यकितयाँ
इतर है
सुंदर फूलों नदियाँ है
हम भूमी माता का बच्चों है

नीला धरती ने पेड परवत
सुंदर प्रकृती हम वरतान हैं
सुंदर सुंदर भूमी ने
सुंदर सुंदर हरित प्रकृती है

देवे का भूमी
हम जीवन का भूमि
सुख दुःख वरतान
हम भूमी एक सुंदर भूमी है

# भूमी का डर्सियत

एक सदेश धरती है
आदमी का खाल भूमी है
हम प्राण भूमी है
प्राण का बराबर भूमी है
मेरा परिवार भूमी है
भूमी का इस्सत हरी है
भलाई का बरन्ना भूमी है
जानवर चिडिया का बरन्ना भूमी है
हमैं भूमी का बच्चा है
सकंट मुकाबला करना भूमी है
जाती मता वीवीट गाँव भूमी है
सुंदर सुंदर भूमी ह
सूरज निकलना तारा बरन्ना भूमी है
पडोसी और निरंदर प्रदिमास
साक्षी को भूमी है
विविद दैव भूमी है
सुदर सुदर भूमी है
बारिश और हूब को प्रदिभास मेरा
धरती सुदर सुदर भूमी है

# बारिश

एक दिन मिलू चलो स्कूल.मिलू और चालू चलो क्यान्ब वह एक  बड़ा क्यान्ब है.

मिलू :चालू..... मोसम क्या करों

चालू:मोसम और बारिश का बड़ा प्रश्ण है.घर नश्ड़ करों और किसान का घाराल नश्ड़ करों

मिलू:हा

चालू: मेरे घर में पयस है, में सोरज मोतीर का पयस है, में वह पयसा क्यान्ब है

मिलू: हा लड़की अच्चा लड़कियों चलों घर मिलू घर में माताजी,पिताजी और एक चौड़ा बाय

माताजी:मिलू क्या मिलू

मिलू : आज चालू पयस का क्यान्ब है

माताजी: अच्चा लड़की

मिलू : चालू मातर में अच्चा लड़की ?

माताजी: हा मिलू तुमारे अच्चा लड़की चालू का अच्चा लड़की का पयस क्यान्ब है

# बारिश

* बादल दानी  बादल दानी,कुभ चमाचम बरसे पानी
* ए मोसम की बारिश
* बारिश नहीं काँम जीवन नषट है
* बारिश नहीं है बयंकर चुड है
* बारिश चिडियाँ मनुष संतोष है
* बारिश जलदी,नर्रत है
* बारिश जलदी,लड़का और लड़की, सनंदोष है
* बारिश जलदी,लड़का और लड़की जल और कलिक्कुम है
* बारिश जलदी,और मे कलिक्कुम है
* बारिश मुचे इषड है
* बारिश जल और छतली एडुत मे जलदी है
* बारिश जल और नदी का बरने लके है
* नदी की मछली की बरने है
* घर गुआ पानी और घर मैं नाश नषड है
* किसान को दाराल  नषड है
* बारिश का बड़ा परष्न है

# വേർപാട്




എങ്ങുനിന്നോ വന്നു
അറിയൊയങ്ങു അലിഞ്ഞുപോയി
ഹൃദയത്തിലേറ്റി ഞാൻ
വാരിപ്പുണരുന്ന നിമിഷം

ചേരുന്ന നിറമായ് നിറഞ്ഞു
സ്നേഹമായ് നെഞ്ചിലലിഞ്ഞു
നീലക്കിളിമകളായിപ്പറന്നു
അലയടിച്ചുയരുന്ന പ്രണയം

കണ്ണനെപ്പോലൊത്തൊരയക്
ഗാന്ധവ്യഗാനം പാടി
മിഴികൾ രണ്ടും അലിഞ്ഞു
പിന്നീടെങ്ങോ പോയ് മറഞ്ഞു

കത്തിയായ് വന്നൊരു
വാക്കിൻ നിമിഷം
ദിവസങ്ങളോരോന്നറിഞ്ഞു
മൗനമായോരോ മൊഴികൾ
മൗനങ്ങളിൽ തുണയായി...

അഴകുള്ള റോസിൻദളങ്ങൾ പോലെ
ആരുമറിയാതടർന്നു പോയി
കൂട്ടായിനിറഞ്ഞരോർമകൾ
അറിയാതെ ഞാനൊന്നു തേങ്ങി....

അലഞ്ഞൊറിയായൊരു പ്രണയം
അതു തേങ്ങലിൻ പദനിസ്വരങ്ങൾ
അത് തേങ്ങലിൻ മൊഴിസാഗരങ്ങൾ.....

മായ,9 B

# ഗണിതം ചരിത്രത്തിലൂടെ

ഗണിതം കാലാകാലങ്ങളിൽ വ്യത്യസ്ത സംസ്കാരങ്ങളിലൂടെ വിവിധഭാഷകളിലൂടെ മനുഷ്യൻെറ നിരന്തര ഇടപെടലുകളിലൂടെയും പ്രയത്നങ്ങളിലൂടെയും രൂപപ്പെട്ട ശാസ്ത്രശാഖയാണ്.4000 വർഷങ്ങൾക്കു മുൻപ് ഉപയോഗിച്ചിരുന്ന ഗണിതാശയങ്ങൾ പോലും ഇന്നും നിലവിലുണ്ട്.എന്നിരുന്നാലും സ്കൂൾ തലത്തിൽ പഠിപ്പിക്കുന്ന ഗണിതത്തിന് വെറും 200 വർഷത്തോളം പഴക്കം മാത്രമേയുള്ളൂ. ബാബിലോണിയ,ഗ്രീക്ക്,അറബി തുടങ്ങിയ നിരവധി സംസ്കാരങ്ങൾ ഗണിതാശയങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിച്ചിട്ടുണ്ട് ആദ്യ കാലത്ത് വാനനിരീക്ഷണത്തിന്റെയും ഭാഗമായിരുന്നു ഗണിതം.19ാം നൂറ്റാണ്ടോടുകൂടിയാണ് പ്രത്യേക വിഷയമായി രൂപപ്പെട്ടത്.

തുടക്കത്തിൽ യൂറോപ്പിൽനിന്നും ചൈന,ഇന്തോനേഷ്യ,അമേരിക്കൻ ഭൂകണ്ഡങ്ങളിലേക്കുള്ള നാവികയാത്രകളിൽ വഴികാട്ടിയത് ഗണിതത്തിന്റെ അദൃശ്യകണ്ണിയായിരുന്നു .മനുഷ്യസംസ്കാരത്തിന്റെ ആരംഭം ഗണിതത്തിന്റെ ആരംഭം കൂടിയാണ് .സാധനങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ മനുഷ്യൻ മൃഗങ്ങളുടെ എല്ലുകൾ ഉപയോഗിച്ചിരുന്നു.ഇത് പിന്നീട് റ്റാലി അടയാളത്തിലേക്കും അങ്ങനെ ചിഹ്നങ്ങളിലേക്കും കടന്നത് വിവിധ സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ രേഖപ്പെടുത്തുന്നു.ഓരോ കാലഘട്ടത്തിലും

സംഖ്യകൾ സൂചിപ്പിക്കാൻ വിവിധ ചിഹ്നങ്ങൾ ഉപയോഗിച്ചെങ്കിലും നിലവിലുള്ള 1,2,3.......സംഖ്യാസമ്പ്രദായം,ഇന്തോ -അറബിക്ക് സംഖ്യകൾ എന്നറിയപ്പെടുന്നു.

കച്ചവടത്തിലെ ലാഭ നഷ്ട കണക്കുകൾ സൂചിപ്പിക്കാൻ മരക്കരഷണങ്ങൾ പ്രത്യേകരീതിയിൽ ചേർത്ത് വെച്ച് രേഖപ്പെടുത്തിയിരുന്നു.ഇത് ന്യൂനസംഖ്യകൾ ,അധിസംഖ്യകൾ എന്നിവയുടെ ആവശ്യകതയിലേക്കും എത്തിച്ചു.

ചിഹ്നങ്ങൾ ചിത്രങ്ങളിലേക്കും പിന്നീട് ജാമിതീയ രൂപങ്ങളിലേക്കും കടന്നു.രൂപങ്ങൾ കൃത്യമായ ഘടനയിലേക്ക് എത്തിയത് 500 BC യോട്അടുത്ത് യൂക്ളിഡിന്റെ കാലത്താണ്.ത്രികോണങ്ങളിലെ കൃത്യതയാർന്ന സൂത്രവാക്യങ്ങൾ ആദ്യകാലത്ത് പൈതഗോറസ്സിന്റെ സംഭാവനയായിരുന്നു.1 യൂണിറ്റ് വശനീളമുള്ള സമചതുരത്തിന്റെ വികർണത്തിൻെറ നീളം√2 ആണെന്നതും ഈ കാലഘട്ടത്തിൻെറ സുപ്രധാന സംഭാവനയാണ്.ഇതാണ് പിന്നീട് അഭിന്നക സംഖ്യകൾ എന്ന സംഖ്യാഗണം എന്ന ആശയത്തിൽ എത്തിച്ചത്.

പുരാതനക്കാലത്തു തന്നെ ബാബിലോണിയൻ വംശജർ അക്കങ്ങൾക്ക് പകരം അക്ഷരങ്ങൾ ചേർത്തുവെച്ച് സംങ്കീർണമായ പ്രശ്ണങ്ങൾക്ക് ഉത്തരം കണ്ടത്തിയിരുന്നു. ഇത് തന്നെയാണ് ബീജഗണിതം എന്ന അതിബൃഹത്തായ

ഗണിതമേഖലയുടെ തുടക്കം. സമവാക്ക്യങ്ങൾ രൂപീകരിച്ച് അറിയാത്ത വില ബീജഗണിതത്തിൽ കാണുന്ന രീതി ഇന്നും ഗണിതത്തിന്റെ സുപ്രധാന ഭാഗമാണ്.

20ാംനൂറ്റാണ്ടോടുകൂടി ഗണിതംഅത്യധികം വിശാലമായി. ത്രികോണമിതി,കലനം,സ്റ്റാറ്റിസ്റ്റിക്സ്,സാധ്യത........തുടങ്ങി അനേകം ശാഖകളായി ഗണിതം വികാസം പ്രാപിച്ചു. കണക്കു കൂട്ടാൻ സഹായിക്കുന്ന കമ്പ്യൂട്ടറിന്റെ അടിസ്ഥാനം കണക്കാണെന്നതും ശ്രദ്ധേയമാണ്.

ഗണിതത്തിന്റെ സുദീർഘമായ ചരിത്രത്തിന്റെ ഏടുകൾ അനവധിയാണ് .പ്രധാന പ്രചോദനങ്ങൾ മുന്നിലുള്ള യഥാർഥ ലോകവും മനുഷ്യന്റെ ഭാവനയുമായിരുന്നു .അതുകൊണ്ടു തന്നെ കൂട്ടിച്ചേർക്കലുകളും കണ്ടെത്തലുകളുമായി ഗണിതത്തിന്റെ സുവർണകാലം മുന്നിലുണ്ട്.

നമിത

ഗണിതശാസ്ത്ര അധ്യാപിക

# കൂട്ടുകാർ

ഇത് വളരെ പണ്ട് നടന്ന ഒരു കഥയാണ്. ഇത് ഒരു മാളുവിന്റെയും അമ്മിണിയുടെയും കഥയാണ്. അവർ വളരെ നല്ല കൂട്ടുകാരാണ് .പണ്ട് പണ്ട് ഒരു ഗ്രാമത്തിലെ ഒരൊറ്റ കൂട്ടുകാരായിരുന്നു മാളുവും അമ്മിണിയും.അവർ സർക്കാർ യു.പിസ്കൂളിൽ നല്ല പഠിപ്പികളായിരുന്നു.അവരുടെ സൗഹൃദം സ്കൂളിൽ അറിയാമായിരുന്നു. സീതയായിരുന്നു അവരുടെ ക്ലാസിൽ ഇവരെ

തെറ്റിക്കാൻ നടന്നിരുന്നത്. അവരുടെ സൗഹൃദവും പഠിക്കലും അവളെ വളരെ രോഷാകുലരാക്കിയിരുന്നു. സീത അവളുടെ എല്ലാ

തന്ത്രങ്ങളും ഉപയോഗിച്ചു നോക്കി യാതൊരു മാറ്റവും കാണാതെ

ഇരുന്നപ്പോൾ അവൾ പുതിയ തന്ത്രം ഇറക്കി . സീത മാളുവിനെ

കൂട്ടി അമ്മിണിയെ കുറിച്ചും മാളുവിനെക്കുറിച്ചും അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറയാൻ തുടങ്ങി . അവർ പിരിയും വരെ

അവർ ചെറുതായി അകന്നു. അതു സീതയ്ക്കു സന്തോഷരാവുകൾ

പകർന്നു. ഇതെല്ലാംകാണുന്നുണ്ടായിരുന്ന അമല ഇവരെ വീണ്ടും ഒരുമിപ്പിക്കാൻ ശ്രമിച്ചു. നല്ല സൗഹൃദമായതുകൊണ്ട്

അവർ വേഗം ഇണങ്ങി . അമ്മിണിക്കും മാളുവിനും കാര്യം

മനസ്സിലായി . അവരുടെ നല്ല മനസുകാരണം അവർ സീതയെ

വിളിച്ചു അടുക്കൽ ഇരുത്തി അവളെയും കാര്യം പറഞ്ഞു മനസ്സിലാക്കി. അപ്പോൾ സീത പറഞ്ഞു, ഞാൻ എന്റെ തെറ്റ് മനസ്സിലാക്കി. അങ്ങനെ വീണ്ടു അവർ ഒന്നിച്ചു .

# خواب کی کالی پرچھائی

مختلف قسم کی چراغوں سے وہ گھر زیادہ خوب صورتی سے سجایا گیاتھا۔رشتادار اور پڑوسی وہاں جمع ہوۓتھے۔مہندی کی خوشبو بچوں کےہاتھوںپر ابھر آتی تھی۔کچھ عورتوں نے اپنی اپنی شیخیاں بلند آوازوں سے کہیں کہ دوسروں کو تعجب کراتی ہیں۔گھر میں شادی کی رنگینی وجود میں آچکی تھی۔

گھر کے ایک کونے میں ایک بوڑھی عورت فاتمہ کسی فکر کی دنیا میں ڈوب کر کھڑی ہے۔بوڑھی کے دبلا پن اور بوڑاپن کے سارے آثار چہرے پر ظاہرتھے۔لیکن ان کے دل کی خوشی نے سارےنشانوں کو دور کیا تھا۔ان کے دل سے بہت باتیں گزر گئیں ۔کل میری بیٹی ساحرہ کی شادی ہے۔یہ شادی اپنی زندگی کا بڑا خوب ہے۔شوہر کی جدائی کے بعد وہ ہونڈوں میں کبھی مسکراہٹنہیں دیکھا؛لیکں آج ان ہونڈوں میں مسکراہٹ کی روشنی ظاہر ہوئی تھی۔ہمدردوں کی سخاوت سے اپنی پیاری بیٹی کی شادی چلے گی۔پیسہ کےلیےبہت لوگوں کے پاوں پکڑے ، بہت بری نگاہین اس پر پڑیں۔لیکں اس نے اب اپنی زندگی کے بڑے خواب کو حاصل کرنے کی خوشی میں ماضی کے برےواقعات بھولنا زیادہ پسند کیا۔

،،ماں "ماں!آپ کو کوئی ڈھونڈتی ہے۔"

دونوںہاتھوں میں مہندی لگاکر ساحرہ نے کہا۔ اسکی وہ خوب صورت لباس میں ایک دم آنگھین چھوڑکر ماں نے اپنے خواب مہل سے جاگے۔

*پڑوسیوں اور رشتہ داروں نے کھانے کھاکرکل سویرے آنے کا وعدہ دیکے گھر سے گئے۔باقی ماندہ لوگ کھر کے اندر سوئے۔ماں کو جلدی نیند نہیں آئی۔*

# മറ്റൊരു മുഖം



ഉരുണ്ട കറുത്ത കാർമേഘമേ....
നിന്റെയാതനമാം സ്നേഹത്തള്ളികൾ
എന്നെ ഞാനറിയാതെ
വാരിപ്പുണർന്നുവോ....
എൻ നെഞ്ജ്കത്തും വിദത്തിൽ ദുഃഖമായി
നീ
വന്നുവോ.....
നിന്റെ കോപം നിന്നെ
കഴകനാക്കിമാറ്റിയോ....
അതിനത്രയും നിനക്ക് കഴിഞ്ഞുവോ..
നിന്റെ രക്തം പുരണ്ട കഠാര
സൂര്യനിൽ വിഷമമുണ്ടാക്കിയതോ....
അതോ നീ നശിപ്പിച്ചതോ
അങ്ങനെ നിനക്ക് കഴിഞ്ഞുവോ...
നിന്റെ സുഹൃത്തിനെ മാറ്റാൻ
എങ്ങനെ നിനക്ക് കഴിഞ്ഞുനിന്റെ
ഹൃദയമിട്ടപ്പതീർക്കാൻ...

"Life is the art of drawing without an eraser"
- John W. Gardner

"മായ്ച്ചു കളയാൻ പറ്റാത്ത ഒരു ചിത്രകലയാണ് ജീവിതം"

-ജോൺ ഡബ്ല്യൂ. ഗാർഡ്നർ

# മീനുക്കുട്ടിയും അണ്ണാരക്കണ്ണനും

ഒരുസാധുകുടുംബത്തിൽ പെട്ട കുട്ടിയായിരുന്നുമീനു. മീനുവിന്റെ ചെറുപ്പത്തിൽതന്നെ അവളുടെ അച്ചൻ മരിച്ചുപോയി. അവളുടെ പടിപ്പും വീട്ടുചെലവും അവളുടെ അമ്മ കൂലിപ്പണിക്ക് പോയിട്ടാണ് നോക്കിയത്. പഠിക്കാൻ നല്ല മിടുക്കിയായിരുന്നു മീനു. അവരുടെ സ്കൂളിൽ ആരും തന്നെ ഇതുവരെ എസ്.എസ്.എൽ.സി പാസായിട്ടില്ല. അവളിലാണ് വീട്ടുകാരു-ടേയും സ്കൂൾ അതികൃതരുടേയിം പ്രതീക്ഷ. അങ്ങനെ ഒരു ദിവസം അവൾ സ്കൂൾ വിട്ട് വരുംമ്പോൾ ഒരു അണ്ണാരക്കണ്ണൻ മരച്ചില്ലയിലൂടെ ചാടിക്കളി-ക്കളിക്കുന്നത് കണ്ടു. ആ അണ്ണാരക്കണ്ണനെ അവൾ നിരന്തരം കാണാൻ തുടങ്ങി. ഒരു ദിവസം ആ അണ്ണാരക്കണ്ണൻ മരത്തിൽ നിന്നും താഴെ വീ-ണു. മീനുക്കുട്ടി ഓടിപ്പോയി അതിനെ എടുത്തു. അതിനെ അവൾവീട്ടിൽ കൊണ്ടുപോയി. അതിനെ അവൾ വീട്ടിൽ കൊണ്ടുപോയി. ജിംഗൻ എന്ന് അതിന് പെരിട്ടു. പിന്നീട് അവൾ അതിന്റെ കൂടെയായി. പഠിക്കണം എന്ന ചിന്ത അവളിൽ നിന്നും നഷ്ടപ്പെട്ടിരിക്കുന്നു. ഒരു ദിവസം ജിംഗനെ കാ-ണാതായി. എല്ലായിടത്തുംതിരഞ്ഞു. അവനെ എങ്ങും കണ്ടില്ല. കുറേ ദിവ- സം കഴിഞ്ഞപ്പോൾ അവളതിനെ മറന്നു. പരീക്ഷയിൽ വൻ വിജയം നേ- ടി. അങ്ങനെ ഇരിക്കെ ഒരു ദിവസം വീടിന്റെ പുറത്ത് നിന്ന് ഒരു ശബ്ദം കേട്ടു. അത് ജിംഗനായിരുന്നു. അവളതിനെ വാരിപ്പുണർന്നു. അവളതിനെ-നന്നായി വളർത്തി. പഠനത്തിൽ നന്നായി ശ്രദ്ധിക്കുകയും ചെയ്തു.

# أَحْوَالُ الْعَالَمْ ــ كَتَبَهَا أُسْتَاذِي الْمَحْبُوب فِي بَحْرِ الْكامِل ــ الْمَجْزُوء ــ أَوْزَانُهُ

مُتَفَاعِلُنْ مُتَفَاعِلُنْ مُتَفَاعِلُنْ مُتَفَاعِلُنْ مُتَفَاعِلُنْ مُتَفَاعِلُنْ

قَرُبَتْ مَدَائِنُ وَالْقُرَى بِمُدْيَةٍ ضَعُفَتْ مَنَاسِكُنَا وَلَيْسَ
نَمَاءُ

وَنَأَتْ مَحَاسِنُ مِنْ قُلُوبٍ فَاظِعٍ وَلَنَا وَلَيْسَ نَرَى مَثْوًى لَا دَوَاء

قُسِمَتْ مَعَاشُ بِبَيْنِ خَلْقٍ وَحُدِّدَتْ وَلِمُبْرِءٍ تَقْوِيمُ وَالْمَوْتُ
سَوَاءُ

مُنِعَتْ مَوَارِدُ أَرْضِنَا وَثُمِّنَتْ تَتَزَخَّرُ الْعُرَمَاءُ كَالْهَيْمَاءِ

وَلَطَالَمَا لَبِسَتْ حَدِيدَ فَإِنَّمَا صَدَأُ الْحَدِيدِ وَمَا لَهَا بِنَقَاءُ

لَقَدِ اكْتَسَى الْفِتْيَانُ ثَوْبَ حَضَارَةٍ وَلَأُرْهِقَتْ بِذَكَائِهِمْ غَبَرَاءُ

لَزَمُوا بِدُونِ وَقَارَةٍ مَعَ هَاتِفٍ وَ تَسَبَّعُوا وَقَعُوافَرِيسَةَ
بِالْوَبَاء

شَرَهُ الْحَرِيصِ تَسُوقُ لِلتَّتَفَسُّأِ أَوَكَانَ مِنْ زُمَلَاءِ شَلَّتِهِ الْبُكَاءُ

رُبِطَتْ بِسَوْءِ حَمَاقَةٍ بِعِمَاقِهِمْ تَتَطَلَّبُ السُّبُلَ الْأَقَارِبُ لِلشِّفَاء

سَهَرُوا لَيَالَ بِلُووِيٍنْ وَبِوَتْسَبٍ وَتَكَمَّلُوا نَمَطًا لِدَرْدَشَةِ

## الْوَفَاء

عَبَرُوالَهَا عَقَبَاتِ خَمْسِينَ انْحَرُوا      وَبَكَتْ لَهُمْ وَبِنَعْيِهِمْ قُرَبَاءُ

فَتَضَاحَكَتْ أَزَمَانُ قَالَـهُ يَا فَتَى      وَلَدُّ فَأَنْتَ بِشَرِّكَ الْعُطَلَاءُ

وَلَكُلُّ مَا نَتَذَوَّقُ النِّـعَمَاتِ مِنْ      رَحَمَاتِ خَالِقِ كَوْنِنَا وَهَبَاءُ

تَتَدَيِّنُوا طُرُقَ الْاِلَاهِ فَتُصْلِحُوا      وَبِـدُونَ ذَاكَ لِحِلِّـهَا

دَوَاءُ

وَلِيَوْمِ تُسْئَلُ كَيْفَ عُمْرُكَ تُبْذَلَا      وَلَتُخْتَمَنْ قَدَمَاكَ

وَالْأَعْضَاءُ

وَلِيَوْمِ تُسْئَلُ كَيْفَ عُمْرُكَ تُبْذَلَا      وَلَتُخْتَمَنْ قَدَمَاكَ

وَالْأَعْضَاءُ



# مَاهِرُ أَنْتَ......



إِنَّا أَنْـزَلْـنَاهُ قُـرْآنًا عَـرَبِيًّا
لَعَلَّكُمْ تَعْقِلُونْ
مَاهِرُ اَنْتَ سَلَامْ ـ عَالِي ـ اَنْتَ فِي
كُلِّ مَكَانْ
لُغَةُ الْقُرْآنِ ـ دَوْمًا ـ فَرَحُ لِإِنْسَانِ
اِثْنَا فَرَحيْـنِ ـ تَبْقَى ـ فِي دَارَيْـنِ
دَوِّمْ قَوِّمْ سَلِّمْ نَهْجَ نُمُوَّ مَعَايِشَنَا
سَهِّلْ دَبِّرْ رَنِّمْ سُبُلَ أُمُورَ بِدُنْيَانَا ـ [
٢]
لُغَةَ حَضَارَتِنَا ـ نَجَاةَ قُدْوَتِنَا ـ
جَمَالُ مَضْمُونْ ، كَمَالُ مَنْطِقْ ، جَلَالُ عِزَّتِنَا ـ ٢
[مَاهِرُ أَنْتَ.......]

نَفْتَحُ بَابًا بِكُلِّ جُهْدٍ نَنَالُ كُلَّ عُلُومْ

نُسَابِقَنَّ التَّحَدِّيَاتِ بِسِلَاحِ جَوْدَتِنَا ـ ٢

لُغَةَ حَضَارَتِنَا ـ نَجَاةَ قُدْوَتِنَا

جَمَالُ مَضْمُونْ ، كَمَالُ مَنْطِقْ ، جَلَالُ عِزَّتِنَا ـ ٢

دَوِّمْ قَوِّمْ سَلِّمْ نَهْجَ نُمُوَّ مَعَايِشَنَا

سَهِّلْ دَبِّرْ رَنِّمْ سُبُلَ أُمُورَ بِدُنْيَانَا ـ [٢]

[مَاهِرُ أَنْتَ.......]

نُوَاصِلَنَّ بِهُجُومِنَا إِلَى تَقَدُّمِ الْعَالَمْ

نُبَاذِرَنَّ الَّآلِئَ مِنْ عِمَاقِ لُغَةِ دَوَامْ ـ [٢]

تَعَهُّدُ مِنَّا ـ نَوَالَ هِمَّتِنَا

جَمَالُ مَضْمُونْ ، كَمَالُ مَنْطِقْ ، جَلَالُ عِزَّتِنَا ـ ٢

دَوِّمْ قَوِّمْ سَلِّمْ نَهْجَ نُمُوَّ مَعَايِشَنَا ـ

سَهِّلْ دَبِّرْ رَنِّمْ سُبُلَ أُمُورَ بِدُنْيَانَا ـ ٢]

*[مَاهِرُ أَنْتَ.......]*

# ശാസ്ത്രത്തിന്റെ അത്ഭുതങ്ങൾ



നിന്നിടത്തു നിന്നും അനങ്ങാതെ കണ്ണടച്ചു തുറക്കും മുമ്പേ അന്യ ഭൂഖണ്ഡങ്ങളിലും ആകാശ ഗോളങ്ങളിലുമൊക്കെ എത്തി ച്ചേരുക, സ്വന്തംപകർപ്പുകളെ സൃഷ്ടിക്കുക, ടൈംമെഷീനിൽ ഭൂതകാലത്തിലേക്കും ഭാവി കാലത്തിലേക്കും സഞ്ചരിക്കുക, അദൃശ്യരാവുക..... ഇത്തരം അത്ഭുതങ്ങൾ യാഥാർഥ്യമായാൽ എങ്ങനെയിരിക്കും ? നമ്മെ അമ്പരിപ്പിക്കുന്ന ഇത്തരം ഇന്ദ്രജാലങ്ങൾ സിനിമകളിലും ടി.വി യിലും പലരും കണ്ടിരിക്കും. ഇതൊക്കെ എനിക്കും സാധിച്ചിരുന്നെങ്കിൽ എന്ന് ഒരു വട്ടമെങ്കിലും ആഗ്രഹിക്കാത്ത മനുഷ്യരുണ്ടാവില്ല. വിഷമിക്കേണ്ട, ഈ അതി മാനുഷവിദ്യകൾ യഥാർഥ്യമാകാൻ ഇനി അധികകാലമൊന്നും വേണ്ട.

ലോകമെമ്പാടുമുള്ള ഗവേഷണ ശാലയിൽനിന്നുള്ള റിപ്പോർട്ടുകൾ നൽകുന്ന സൂചന അതാണ്.

സാധാരണ മനുഷ്യനു ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ ചെയ്യാനുള്ള ആഗ്രഹം എല്ലാവർക്കുമുണ്ട്. ശാസ്ത്രകഥകളിലെയും സിനിമകളിലെയും മറ്റ് അതിമാനുഷകഥാ പാത്രങ്ങൾ നമ്മുടെ ഇഷ്ട കഥാപാത്രങ്ങളായി മാറുന്നത്അതുകൊണ്ടാണ്.

*ഹവ്വ ഇബ്രാഹീം, 10A*



# അഭിമുഖം



സബ്ജില്ലാ ശാസ്ത്രമേളയിൽ അവതരിപ്പിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ

'' ഇ-വേസ്റ്റ് പ്രശനങ്ങളും പരിഹാര മാർഗങ്ങളും '' എന്ന പ്രൊജക്റ്റിന്റെ ഭാഗമായി കൊടുവള്ളി മുൻസിപ്പാലിറ്റിയിലെ ഡെപ്യൂട്ടി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. അബ്ദുൽ മുനീറുമായി വിദ്യാർത്ഥികളായ നിമ ഫെമിൻ, ഫസിഅ് എന്നിവർ നടത്തിയ അഭിമുഖം.

## അഭിമുഖത്തിലെ പ്രധാന ഭാഗങ്ങൾ

നിമ : സാർ,താങ്ങളുടെ പേര്, ജോലി എന്താണ്?

ഇൻസ്പെക്ടർ: ഞാൻ അബ്ദുൽ മുനീർ, ഡപ്യൂട്ടി ഹെൽത്ത് ഇൻസ്പെക്ടർ, HI ഇന്ന് ലീവാണ്. ഞങ്ങളാണ് Waste management കൈകാര്യം ചെയ്യുന്നത്.

ഫസിഅ: ഞങ്ങൾ ഗവൺമെന്റ് എച്ച്. എസ്. എസ് കൊടുവള്ളി വിദ്യാർത്ഥികളാണ് ഇ- വേസ്റ്റ് എന്ന പ്രൊജക്റ്റിന്റെ ഭാഗമായി മുൻസിപ്പാലിറ്റി ഇ-വേസ്റ്റ് മാനേജ്മെന്റിന് എന്താണ് ചെയ്യുന്ന തെന്നറിയാനാണ് ഞങ്ങൾ വന്നത്?

ഇൻസ്പെക്ടർ: മുനസിപ്പാലിറ്റി വേസ്റ്റ് മാനേജ്മെന്റ് "ഹരിതകർമ്മസേന" എന്ന ഒരു സംഘടന രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ അതിൽ പ്ലാസ്റ്റിക് വേസ്റ്റ് ആണ് ശേഖരിക്കുന്നത്. ഒരു ചാക്കിന് 50 രൂപ നിരക്കിൽ ശേഖരിക്കും അത് റീസൈക്കിൾ ചെയ്യാനുള്ള പ്ലാന്റും ഞങ്ങൾ നിർമ്മിക്കും. ഇപ്പോൾ അത് ശേഖരിച്ച് ഒരു
സ്ഥലത്ത് കൂട്ടിയിട്ടിരിക്കുകയാണ്.

ഈ-വേസ്റ്റ് ശേഖരിച്ച് തുടങ്ങിയിട്ടില്ല. അത് ഇതിന്റെ ഭാഗമായി തുടങ്ങുന്നതാണ്. ഇവിടെ പൂനൂർ പുഴ വൃത്തിയാക്കി ലോഡ് കണകിന് പ്ലാസ്റ്റിക്കുകൾ ഞങ്ങൾ ശേഖരിച്ചു

നിമ : ജനങ്ങളുടെ സഹകരണം എത്രത്തോളമുണ്ട് ?

ഇൻസ്പെക്ടർ: ജനങ്ങൾ സ്ഥലത്തിന്റെ Area കൂടുതലുള്ളതിനാൽ അത് അവരുടെ പറമ്പിൽ തന്നെ കുഴിച്ചിടുകയും കത്തിച്ച് കളയുകയുമാണ് ചെയ്യുന്നത് അല്ലെങ്കിൽ വേസ്റ്റ് തോട്ടിലും പുഴയിലും ഒഴുക്കി കളയുന്നു. സ്വന്തം ശരീരവും പരിസരവും വൃത്തിയാക്കുക മാത്രമാണ് ജനങ്ങളുടെ ലക്ഷ്യം

പരിസ്ഥിതിക്ക് ഹാനികരമാവുന്ന തൊന്നും അവർ ചിന്തിക്കുന്നില്ല.

ഫസിഅ്: കടകളിൽ പ്ലാസ്റ്റിക്ക് കവർ നിരോധിക്കാൻ പറ്റില്ലേ?

ഇൻസ്പെക്ടർ: കടകളിൽ കട്ടികുറഞ്ഞ പ്ലാസ്റ്റിക് നിൽക്കുന്നത് നിരേധിച്ചിട്ടുണ്ട്. കാലക്രമേണ പ്ലാസ്റ്റിക്കിൽ സാധനങ്ങൾ കൊടുക്കുന്നത് വിലക്കും.

നിമ: ഈ-വേസ്റ്റ് നിർമാർജ്ജനം ചെയ്യാൻ പദ്ധതി വരുമോ?

ഇൻസ്പെക്ടർ: ഈ-വേസ്റ്റ് കൂടുതലായി കുമിഞ്ഞു കൂടുന്നതും അതിന്റെ പ്രശ്നങ്ങളും ശ്രദ്ധയിൽ പെട്ടിട്ടില്ല .

അത് നല്ല വില കിട്ടുന്നതിനാൽ ജനങ്ങൾ ആക്രി കടക്കാർക്ക് വിൽക്കുകയാണ് പതിവ്.

ഫസിഅ്: "ഹരിതകർമ്മസേന" എന്ന ഒരു സംഘടനയ്ക്ക് വേണ്ടി ഞങ്ങൾ എന്ത് സഹായമാണ് ചെയ്യേണ്ടത്?

ഇൻസ്പെക്ടർ: ഓരോ വിദ്യാർത്ഥിയും ഒരു കുടുംബമാണ്.അതിനാൽ നിങ്ങൾക്ക്സമൂഹത്തിന്റെ കാഴ്ചപ്പാടിൽ വലിയ ഒരു മാറ്റം വരുത്താൻ കഴിയും

*നിമ:സാറിന്റെ വാക്കുകൾ വളരെ വിലപ്പെട്ടതാണ്. "ഹരിതകർമ്മസേന" എന്നസംഘടനയ്ക്ക് വേണ്ടി ഞങ്ങൾക്ക് കഴിയുന്ന എല്ലാ സഹായവും സാറിന് പ്രതീക്ഷിക്കാം.സാറിന് ഞങ്ങളുടെയും സ്കൂളിന്റെയും പേരിൽ നന്ദി അറിയിക്കുന്നു*

# വിദ്യ

*'അ' യിൽ തുടങ്ങുന്ന ഭാഷതൻ*
*മാധുര്യം നുകരാൻ എന്തു സുഖം*
*ആ വിദ്യതൻ മാഹാത്മ്യം*
*എത്ര മാത്രമെന്നോർക്കുക*
*വിദ്യതൻ സുഖങ്ങൾ അത്രയും*
*രുചിച്ചൊരാമനുഷ്യൻ*
*തൻ പ്രശസ്തിയിൽ*
*ആണ്ടു നിൽക്കുന്നുവോളം*
*പ്രശസ്തിയും പദവിയും വേണം*
*സമ്പത്തും ധനവും വേണം*
*എന്നാൽ നമുക്കതു വേണം*
*വിദ്യ ,വിദ്യൻ  രുചികൾ*

*മായ, 9 A*

"Only I can change my life, no one can do it for me"
- Carol Burnett

എനിക്ക് മാത്രമേ എന്റെ ജീവിതം മാറ്റാൻ
കഴിയുകയുള്ളൂ, ആരും എന്നെ സഹായിക്കാൻ
കഴിയില്ല

-കരോൾ ബർണറ്റ്

# മന്ദമാരുതൻ

മെല്ലെ മെല്ലെ  വന്നു
ഇലകളെ ചുംബിച്ചു........
ഇലകളറിയാതലിഞ്ഞുപോയി
ആ  കാറ്റിൻ മർമ്മരത്തിൽ

പിന്നീടിതാ മാരുതൻ സംഗീതത്തിൽ
നൃത്തം  വച്ചീടുന്ന ഇലകൾ
താളത്തിനൊത്ത് ആടുന്നൊരാ
ഇലകളെ കാണാതെപോയീടുമോ മാരുതൻ

മന്ദമായി വന്ന് സ്വാന്ദനിപ്പിച്ചീടുന്ന
മാരുതാ നിൻ മർമ്മരങ്ങൾ
ആസ്വദിക്കുന്നു ഞങ്ങളെല്ലാം നിൻ
നന്മകൾ  ഓർത്തു രസിക്കുന്നു ഞങ്ങളെല്ലാം

മായ,9 A

# ഒറ്റപ്പെട്ടീടുന്നു ഞാൻ

നീറുമെൻ ഹൃദയം
എൻ കുട്ടംമബത്തെയോർത്ത്
ആരുമില്ലായെനിക്കാരുമില്ല
ഈ ഭ്രമമാകുന്ന വിജനതയിൽ

നിരുന്മേഷമായെൻ ജീവൻ
ആരും താരാട്ടുപാടാനില്ലാതെ
വേദനയാൽ നിറയുന്നു
എൻ അന്തരാംഗം

എൻ ജീവീതത്തിൻ
സുഖഭോഗങ്ങളോർത്ത്
എന്തിനെന്നറിയാതെ തേങ്ങീടുന്നു
അവയെ ഒന്നുകൂടികാണാൻ കൊതിച്ചീടുന്നു

വിശ്രാന്തി കൊള്ളാനായീടുന്നു
എങ്ങും ഇരുളീടുന്നു

എൻ ഹൃദയം വിളറീടുന്നു*സ്പന്ദനം നിലച്ചീടുന്നു*

***മായ,9 B***

# കുട്ടികളുടെ വരയിലൂടെ......



Pavithra
8 C





Najiya
10 F




Abhimanyu
10 A



Jumana





Pavithra
8 C




Aswin P K
10 A







Abhimanyu K.m


Abhiinav














Abhimanyu.k.m


Abhinav

# നന്ദി

ഫ്ളാഷ്-2K19 എന്ന ഈ മാഗസിൻ ഞങ്ങളുടെ സ്കൂളിൽ തന്നെ ഒരു നൂതന ആശയമാണ്. ഇത് തയ്യാറാക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുകയും ഊർജം പകരുകയും ചെയ്ത ലിറ്റിൽ കൈറ്റ്സ് മിസ്ട്രസുമാരായ ഫിർദൗസ് ബാനുടീച്ചറിനും റീഷടീച്ചർക്കും ഞങ്ങൾ ആദ്യമേ നന്ദി പറയുന്നു.

ഒഴിവ് ദിനങ്ങളിലും സ്കൂൾ ഇടവേളകളിൽ പോലും മാഗസിന് വേണ്ടി രചന ചെയ്യുകയും ചിത്രങ്ങൾ തയ്യാറാക്കുകയും ചെയ്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നന്ദി പറയുന്നു

***ഈ മാഗസിനിലേക്ക് രചനകൾ സംഭാവന ചെയ്ത എല്ലാ അദ്ധ്യാപകർക്കും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മറ്റെല്ലാവർക്കും ലിറ്റിൽ കൈറ്റ്സിന്റെ പേരിലും സ്കൂളിന്റെ പേരിലും ഞങ്ങൾ നന്ദി പറയുന്നു***

